032 F1.1

MATVRKA JIVITANGAL PT I

PARAMESWARA IYER.

032:3M77:11
F1.1

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

032:3M77:11 F1.1
PARAMESWARA IYER
Matwuka Jivita-
ngal. Pt.1.

94262

MUL
094262

PRIMA-VI-PROMOVET LIBERTAM

**Madras University Library.**

Call Number 032:3M77:11.-F1.1

Accession Number 94262

Available for loan from ____________

This book should be returned on or before the date last marked below.

# മാതൃകാജീവിതങ്ങൾ

## ഒന്നാംഭാഗം

രാജപുത്ര ചരിത്രത്തിൽ നിന്നു്

## നാലുകഥകൾ


ഗ്രന്ഥകർത്താ,

ഉള്ളൂർ എസ്. പരമേശ്വരയ്യർ

എം. എ. ബി. എൽ., എം. ആർ. ഏ. എസ്.



പ്രകാശകൻ

ആർ. ററി. പിള്ള,

പുസ്തകവ്യാപാരം.

ചാല—തിരുവനന്തപുരം.



പകർപ്പവകാശം സ്വായത്തം.



എസ്. വി. പ്രസ്സ്,—തിരുവനന്തപുരം.



ഗ്രന്ഥകർത്താവിൻെറയും പ്രകാശകൻെറയും മുദ്രയില്ലാത്ത പുസ്തകം ജനിർമ്മിതമാകുന്നു.


വില അണ ൪.


BOOK DEPOT & PRINTING ... PRINTERS, PUBLISHERS, BOOK SELLERS ETC. TRIVANDRUM. TRICH...

22 [illegible] 8

94262

032:3M77:11

F1·1

# മുഖവുര

കുട്ടികൾക്കു സന്മാൎഗ്ഗോപദേശം ചെയ്യുന്നതിനു സൌകൎയ്യം കഥകൾമൂലമായിട്ടാണെന്നുള്ളതിനു സംശയമില്ല. എന്നാൽ ആ കഥകൾ പുരാണപുരുഷന്മാരെയോ തിൎയ്യക്കുകളെയോ ഉദ്ദേശിച്ചായിരുന്നാൽ അവയെ എല്ലാകുട്ടികളും ഒന്നുപോലെ വിശ്വസിച്ചില്ലെന്നു വന്നേക്കാൻ എളുപ്പമുണ്ടു്. ചരിത്രപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള മഹാന്മാരേയും മഹതികളെയും പററിയുള്ള കഥകളെ മാത്രമേ ഈ ന്യൂനത ബാധിക്കാതെ ഇരിക്കുകയുള്ളു. അങ്ങനെയുള്ള കഥകൾക്കായി നാം യൂറോപ്പ്, അമേരിക്കാ മുതലായ അന്യഭൂഖണ്ഡങ്ങളെത്തേടിപ്പോകണമെന്നുമില്ല. നമ്മുടെ മാതൃഭൂമിയായ ഇൻഡ്യാമഹാരാജ്യത്തിൽ മാതൃകാജീവിതത്തെ നയിച്ചിട്ടുള്ള എത്ര പുരുഷകേസരികളും സ്ത്രീരത്നങ്ങളും ആണു് പണ്ടു് ഉണ്ടായിരുന്നിട്ടുള്ളതു്? അവരെപ്പററി സ്വല്പമെങ്കിലും അറിവു് നമ്മുടെ നാട്ടിലെ ബാലന്മാൎക്കും ബാലികമാൎക്കും ഉണ്ടായിരിക്കേണ്ടതു് ആവശ്യകമാണെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പുസ്തകം എഴുതിയതു്. ഇതിൽ നാലുകഥകൾ അടങ്ങിയിരിക്കുന്നു. അവ മുഴുവൻ രാജപുത്രചരിത്രത്തിൽ നിന്നെടുത്തിട്ടുള്ളവയാണു്. പ്രതാപസിംഹന്റെയും ദുൎഗ്ഗാദാസന്റെയും പടങ്ങൾ കൊടുത്തി

ട്ടുള്ളതു് വായനക്കാർക്കു് ആ മഹാത്മാക്കളെപ്പററിയുള്ള സ്മരണയും ഒന്നുകൂടി സൌകൎയ്യം ലഭിപ്പാനാണു്. ഈ മാതിരിയിലുള്ള പുസ്തകങ്ങൾ ഒരിക്കലും നിഷ്പ്രയോജനങ്ങളായി തീരുകയില്ലെന്നു് എനിക്കു് വിശ്വാസമുണ്ടു്. മേലും ഇത്തരത്തിലുള്ള ചരിത്രകഥാപുസ്തകങ്ങൾ പ്രസിദ്ധീകരിക്കണമെന്നു് എനിക്കുള്ള മോഹം സഫലമായാൽ ഞാൻ കൃതാർത്ഥനായി.

തിരുവനന്തപുരം
ഫർ—മ—വ്വൻ. } എസ്. പരമേശ്വരയ്യർ.

# ൧. പിതൃഭക്തി.

ഏ. ഡി. പതിന്നാലാം ശതവൎഷത്തിന്റെ ഒടുവിൽ രാജസ്ഥാനത്തിന്റെ പ്രധാനാംശമായ മീവാർരാജ്യം ഭരിച്ചുവന്നതു് 'ലക്ഷ്മണറാണാ' ആയിരുന്നു. അദ്ദേഹത്തിന്റെ സീമന്തപുത്രനായ 'ചണ്ഡ'കുമാരൻ ആയിരുന്നു അടുത്ത കിരീടാവകാശി. മന്ദപുരത്തിലെ രാജാവായ രണമല്ലന് തന്റെ പുത്രിയെ ചണ്ഡനെക്കൊണ്ടു് വിവാഹം കഴിപ്പിക്കണമെന്നു് മോഹമുണ്ടായിരുന്നു. രാജപുത്രന്മാരുടെ ഇടയിൽ വധൂഗൃഹത്തിൽനിന്നു് വരഗൃഹത്തിലേക്കു് അയയ്ക്കുന്ന വിവാഹനാളികേരം വരൻ സ്വീകരിക്കുന്നു എങ്കിൽ വിവാഹനിശ്ചയമായി. രണമല്ലൻ ഒരു ദൂതനെ വിവാഹനാളികേരത്തോടും ഉചിതങ്ങളായ മററു പല ഉപായനദ്രവ്യങ്ങളോടും കൂടി മീവാറിന്റെ തലസ്ഥാനമായ ചിററൂരിലേക്കു് പറഞ്ഞയച്ചു. ദൂതൻ ആദ്യമായി തന്റെ സ്വാമി ജാമാതാവാകുവാൻ ഉദ്ദേശിക്കുന്ന യുവാവിനെയായിരുന്നു കാണേണ്ടിയിരുന്നതു്. അതു ചെയ്യാതെ അയാൾ നേരിട്ടു മഹാരാജസന്നിധിയിൽതന്നെ കടന്നുചെന്നു നാളികേരവും മററും തിരുമുൽക്കാഴ്ചവച്ചു് നില്പായി. ലക്ഷ്മണനാകട്ടെ വയസ്സു് അറുപതോളം വരും. അദ്ദേഹം ദൂതനേയും കാഴ്ചദ്രവ്യങ്ങളേയും നോക്കി അല്പം ഒരു മന്ദഹാസത്തോടുകൂടി 'കുമാരൻ ഇവിടെയില്ല. ഇപ്പോൾ വരും. അ

യാളെയല്ലാതെ ഈ വൃദ്ധനെ ഉദ്ദേശിച്ചായിരിക്കയില്ലല്ലോ രണമല്ലന്റെ പ്രാൎത്ഥന' എന്നു പറഞ്ഞു.

കുറേകഴിഞ്ഞു് രാജകുമാരൻ കൊട്ടാരത്തിൽ എത്തിയപ്പോഠം അദ്ദേഹത്തോടു ഭൃത്യന്മാർ രാജസദസ്സിൽ വച്ചു നടന്ന കഥ അറിയിച്ചു. ചണ്ഡൻ അച്ഛന്റെ സന്നിധിയെ പ്രാപിച്ചു് വിനീതനായി നിന്നു. രാജാ സംഭാഷണം ആരംഭിച്ചു.

ലക്ഷ്മ—മന്ദപുരത്തിലെ ദൂതൻ ഇന്നൊരു അസംബന്ധം കാണിച്ചു. ഞാൻ നേരംപോക്കായി എന്തോ സംസാരിക്കയും ചെയ്തു.

ചണ്ഡ—അടിയൻ അറിഞ്ഞു

ലക്ഷ്മ—ഈ വിവാഹം നന്നാണ്. മുറയ്ക്കു് നാളികേരം സ്വീകരിച്ചുകൊണ്ടു ദൂതനെ പറഞ്ഞയയ്ക്കും.

ചണ്ഡ—അടിയന് ഈ വിവാഹത്തിന്റെ കഥ ഇനി സ്വപ്നത്തിൽക്കൂടി സ്മരിക്കത്തക്കതല്ല. തിരുമനസ്സുകൊണ്ടു് ദൂതനോടു കല്പിച്ചതു നേരമ്പോക്കാണെങ്കിലും ആ നിമിഷംമുതൽ രണമല്ലന്റെ പുത്രി അടിയന്നു മാതാവായി തീൎന്നിരിക്കുന്നു.

ലക്ഷ്മ—മാതാവോ? നിനക്കു് ഭ്രാന്തുണ്ടോ ചണ്ഡാ? ഇതെന്തു കൂത്താണു്? ഞാനെന്തു പറഞ്ഞു?

ചണ്ഡ—അതെ മാതാവുതന്നെ. മറിച്ചു കല്പിക്കരുതു്.

ലക്ഷ്മണൻ ഗുണദോഷിച്ചു; പ്രാൎത്ഥിച്ചു; കോപിച്ചു; ശാസിച്ചു; യാതൊരു പ്രയോജനവുമുണ്ടായില്ല. രാജകുമാ

രൻ താൻ പിടിച്ചപിടി വിടാതെ നിന്നു. മഹാരാജാവു് സംഭാഷണം തുടൎന്നു.

ലക്ഷ്മ—നാളികേരം തിരിയെ അയയ്ക്കുന്നതു് ഏതായാലും ഭംഗിയല്ല.

ചണ്ഡ—അങ്ങിച്ചെയ്തതു് സത്യമാണു്.

ലക്ഷ്മ—രണമല്ലൻ നമ്മുടെ ഒരാപ്തമിത്രമാണു്. ആ സ്ഥിതിക്കു് കടശ്ശിക്കൈക്കു് വേണ്ടിവന്നാൽ ഞാൻ തന്നെ അയാളുടെ പുത്രിയെ വിവാഹം ചെയ്യാം.

ചണ്ഡ—അതാണു വേണ്ടതു്.

ലക്ഷ്മ—(സ്വല്പം ആലോചിച്ചു്) നിവൃത്തിയില്ലെങ്കിൽ അതും കൂടാതെ കഴികയില്ലല്ലൊ. പക്ഷേ അങ്ങനെ ആകുമ്പോഴും ഉണ്ണി ഒരു കാൎയ്യം വേണ്ടിവരും.

ചണ്ഡ—അടിയൻ ഏതിനും തയാറാണു്.

ലക്ഷ്മ—ആ വിവാഹത്തിന്റെ ഫലമായി ഉണ്ണിക്കു് സഹോദരന്മാർ ജനിക്കുകയാണെങ്കിൽ—ഞാൻ എങ്ങനെയാണു് ശേഷം പറയുന്നതു്? പറയിക്കുന്ന ഉണ്ണിക്കാണു്, പറയുന്ന എനിക്കല്ല, ഇതിന്റെ അപരാധം—രാജ്യം അവൎക്കു് വിട്ടുകൊടുക്കേണ്ടിവരും.

ചണ്ഡ—ഇത്രേവേണ്ടു! ഈ കാൎയ്യത്തിൽ അപരാധപ്രസംഗത്തിനേ അവകാശമില്ലല്ലൊ. ഏകലിംഗസ്വാമി സാക്ഷിയായി അടിയനു് രാജ്യം വേണ്ട.

പിതാവു് പുത്രനെ തലമുതൽ കാൽവരെ വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി. പ്രത്യയത്തോടുകൂടിയ നില—പ്രസന്നമായ മുഖം—എന്തൊരു കല്മഷമില്ലായ്മ? എന്തൊരു

ഗാംഭീര്യം? മൂർത്തിമത്തായ പിതൃഭക്തിപോലെ മുന്നിൽ നി
ല്ക്കുന്ന പുത്രനെ നോക്കുംതോറും മഹാരാജാവു് മേല്ക്കു
മേൽ ഹർഷാകുലനായി. മാറോടു ചേർത്തു് മകനെ ആലിംഗ
നംചെയ്തു് ഗൽഗദസ്വരത്തിൽ ലക്ഷ്മണൻ വീണ്ടും പ
റഞ്ഞു.

ലക്ഷ്മ—മകനെ! നീ എന്നെ ജയിച്ചു. ഈ രാജവം
ശം ധന്യമായി. പുരാണപ്രസിദ്ധനായ ഭീഷ്മാചാര്യരെ
ക്കൂടി ഉണ്ണി തോല്പിക്കുന്നുവല്ലോ.

ചണ്ഡ—അച്ഛാ! അച്ഛനാണു് അടിയനെ കൃതകൃ
ത്യനാക്കുന്നതു്. അടിയന്റെ ഉള്ളിൽ തള്ളിത്തിങ്ങിക്ക
വിയുന്ന പിതൃഭക്തിയെ പ്രദർശിപ്പിപ്പാൻ അച്ഛനല്ലേ അ
ടിയനു് അവസരം ഉണ്ടാക്കിത്തരുന്നതു്?

അവർ പിരിഞ്ഞു. ലക്ഷ്മണൻ യഥാകാലം രണമല്ല
ന്റെ പുത്രിയെ വിവാഹവും ചെയ്തു. അതിൽ മുകുളജി എന്നു
പേരുള്ള ഒരു പുത്രൻ ജനിച്ചു. മുകുളജിക്കു് അഞ്ചുവയസ്സായ
പ്പോൾ ഒരു ദിവസം മഹാരാജാവു് ചണ്ഡനെ വീണ്ടും വിളി
ച്ചുവരുത്തി പറഞ്ഞു.

ലക്ഷ്മ—കുമാരാ? ഇനിമേൽ ഞാൻ വാനപ്രസ്ഥാശ്ര
മം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. എനിക്കു് വാർദ്ധക്യ
മായി. ആയുശ്ശേഷത്തെ മഹമ്മദീയന്മാരായുള്ള യുദ്ധത്തിനാ
യി വിനിയോഗിച്ചു് ഗയാനഗരത്തെ അവരിൽനിന്നു് വീ
ണ്ടെടുപ്പാൻ കഴിയുമോ എന്നു പരീക്ഷിച്ചു് അവിടെവെച്ചു്
പ്രാണത്യാഗം ചെയ്യണമെന്നാണു് എന്റെ മോഹം.

ചണ്ഡ—അടിയനെക്കൊണ്ടു വേണമതു കല്പിക്കാം.

ലക്ഷ്മ—നമ്മുടെ മുകളത്തിന് ഏതെല്ലാം സ്ഥലങ്ങളാണ വിട്ടുകൊടുക്കേണ്ടതെന്ന് സംശയിക്കുന്നു.

ചണ്ഡ—എന്തു സംശയമാണ്. മീവാർ രാജ്യത്തിലെ കിരീടത്തിനു മുകളനല്ലെ പൂർണ്ണാവകാശി?

ലക്ഷ്മ—അതു വേണമെന്നില്ല. അന്ന് ഞാൻ കേവലം പരീക്ഷക്കായി—

ചണ്ഡ—അതുതന്നെ വേണം. മറിച്ചു കല്പിക്കുന്നതു അടിയന്ന് സങ്കടമാണ്. എന്നു മാത്രമല്ല, അച്ഛൻ ഗയയ്ക്കു എഴുന്നള്ളുന്നതിനു മുമ്പുതന്നെ അനുജന്റെ കിരീടധാരണമഹോത്സവം നടത്തിക്കാതെ കഴികയില്ല. അടിയൻകൂടി യഥാസന്നദ്ധനായി ഗയയ്ക്കു വിടകൊള്ളാം.

ലക്ഷ്മ—അതു പാടില്ല, മുകളം ഒന്നുമറിവില്ലാത്ത കുട്ടിയാണ്. അവന്റെ കിരീടധാരണം നാം ഇപ്പോൾ നടത്തിയാലും അവന്റെ പ്രതിനിധിയായി രാജ്യം രക്ഷിക്കേണ്ടതു ഉണ്ണി തന്നെ.

ചണ്ഡ—അടിയൻ കല്പനപോലെ ചെയ്യാം.

മുകളജിയെ 'റാണാ' ആക്കി അഭിഷേകം ചെയ്യിച്ചുംവച്ചു് ലക്ഷ്മണൻ ഗയയിലേക്ക് തന്റെ അവസാനയാത്ര പുറപ്പെട്ടു. മുകളന്റെ പ്രതിപുരുഷനായി ചണ്ഡൻ രാജ്യവും രക്ഷിച്ചുതുടങ്ങി. എന്നാൽ മഹാരഥനും സകലസൽഗുണസമ്പന്നനുമായ ചണ്ഡനെ മുകളന്റെ മാതാവ് ഒട്ടും സ്നേഹിച്ചില്ല. ബുദ്ധിശൂന്യയായ ആ സ്ത്രീയുടെ ഭാവം തന്റെ മുകളനെ റാണാവായി രാജ്യഭാരം ചെയ്യാൻ ചണ്ഡൻ ഒരിക്കലും സമ്മതിക്കുകയില്ലെന്നായിരുന്നു. റാണിയുടെ ദുസ്സ

ങ്കൾ പലതും പറഞ്ഞു ചണ്ഡൻ കേട്ടു. എന്തു അന്യായമായ അപവാദമാണു്? സാധു വളരെ വ്യസനിച്ചു. എന്നിട്ടും റാണിയുടെ ശങ്കയും ദ്വേഷവും നാൾക്കുനാൾ വൎദ്ധിച്ചുവന്നതേയുള്ളൂ. ചണ്ഡന് മനസ്താപം. സഹിപ്പാൻ പാടില്ലാതെയായി. ഒരു ദിവസം ആ ധീരൻ റാണിയുടെ പാദങ്ങളിൽ വീണു സാഷ്ടാംഗമായി നമസ്കരിച്ചു് 'അമ്മെ അമ്മയ്ക്കു് എന്നെക്കൊണ്ടു് ഒരു സങ്കടവുമുണ്ടാകരുതു്. രാജ്യത്തെയും കുമാരനേയും അമ്മതന്നെ ഭദ്രമായി രക്ഷിച്ചുകൊള്ളണമേ! ഞാൻ ഈ മീവാർ രാജ്യത്തിൽ അമ്മ പറഞ്ഞല്ലാതെ ഇനി കാലുകുത്തുകയില്ല' എന്നു പറഞ്ഞുംവെച്ചു് ബഹിഷ്കൃതനെപ്പോലെ അയൽനാട്ടുകളിൽ ഒന്നിൽ പോയി കാലയാപനം ചെയ്തു.

ഈ സംഭവത്തെത്തന്നെയാണ് റാണിയുടെ ബന്ധുക്കൾ അത്യൽക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്നതു്. സൂൎയ്യൻ അസ്തമിച്ചാൽ ഇരുട്ടുവരാതെ കഴികയില്ലല്ലോ. വേഗത്തിൽ ആ സ്ത്രീയുടെ അച്ഛനും സഹോദരനും അവരുടെ കയ്യുംകണക്കുമില്ലാത്ത അനുയായികളോടുകൂടി ചിററൂരിലേക്കു അടിച്ചുകേറി. രണമല്ലൻ തന്റെ പൌത്രനെ വെച്ചു മുറയ്ക്കു് രാജ്യഭാരവും തുടങ്ങി. അദ്ദേഹം ആദ്യം കുമാരനാം മുകുളജിയെ പേരിനു് മടിയിൽവച്ചുകൊണ്ടു മീവാറിലെ രത്നസിംഹാസനത്തിൽ കയറി ഇരുന്നരുളി. ഒടുവിൽ ഭജനം മൂത്തു് ഉന്മത്തനായി. ആ ദുരഹങ്കാരി കുറെ കഴിഞ്ഞപ്പോൾ താൻതന്നെയാണ് റാണാ എന്നുള്ള നിലയിൽ പെരുമാറിത്തുടങ്ങി. പൌരന്മാർ അദ്ദേഹത്തെ വെറുത്തു മുകുളന്റെ

ആയയ്ക്കുപോലും ആ ദുഷ്ടൻെറ ധിക്കാരം ദുസ്സഹമായിത്തോന്നി. ആ നികൃഷ്ടസ്ഥിതിയിൽ പണിനോക്കുവാൻ താൻ തയാറില്ലെന്നു റാണിയെ അറിയിച്ചു. റാണിക്ക് അപ്പോഴാണ് ചണ്ഡൻരാജ്യംവിട്ടുപോയതു അബദ്ധമായെന്ന് തോന്നിയതു്. വെയിൽകൊണ്ടല്ലാതെ നിഴലിൻെറ നന്മ അറിവാൻ തരമില്ലല്ലോ. തൻെറ അച്ഛൻ പല നാനാവിധങ്ങളും നാട്ടിൽ കാട്ടിക്കൂട്ടുന്നുണ്ടെന്നും അതൊന്നും പ്രജകൾക്കു അത്രരസിക്കുന്നില്ലെന്നും ആ നടപടികൾ ഏതെങ്കിലുംകലാപത്തിന് കാരണമായിത്തീർന്നേക്കുമെന്നും ആ സാധ്വി ഒരു ദിവസം അച്ഛനെ അറിയിച്ചു. രണമല്ലൻെറഹൃദയം അന്നാണ് റാണി കണ്ടതു്. കൃഷ്ണസർപ്പംപോലെ ആ ദുഷ്ടൻ ഒന്നു ചീററി.

രണ—നീയെന്തുപറഞ്ഞു? എട്ടുംരണ്ടും തിരിയില്ലാത്ത പൊട്ടപ്പെണ്ണേ! നീയാണോ നമ്മെ ഗുണദോഷിക്കാനും ശാസിപ്പാനും? തലയിരിക്കെ ആടുന്നവാലേ! കുരുത്തിക്കള്ളി.

റാണി—ഞാൻ കുട്ടിയുടെ അഭ്യുദയത്തെ ഉദ്ദേശിച്ച് അറിയിക്കയാണ്-

“കുട്ടിയുടെ അഭ്യുദയം! ഏതുകുട്ടി? ഇങ്ങു കൊണ്ടുവാ കാണട്ടെ!” എന്നു പറഞ്ഞു് രണമല്ലൻ മുകുളനെ രണ്ടു കാലിലും പിടിച്ച് വെളുത്തേടൻ കല്ലിലടിപ്പാൻ വിഴുപ്പ് ഓങ്ങുംപോലെ തറയിലേക്ക് ഓങ്ങി. സാധുറാണി തുമ്പിപോലെ വിറച്ച് ‘അയ്യോ കുട്ടിയെ കൊല്ലുന്നേ’ എന്ന് ഉറക്കെ നിലവിളിച്ചു. ഭൃത്യന്മാരും തവണക്കാരും ഓടിച്ചെന്നു. അതിനു മുമ്പ് രണമല്ലൻ കുട്ടിയെ വിട്ടുംവെച്ച് ‘മ

ക്കൾക്ക് എന്തോ ബാധോപദ്രവമാണ്. സാരമില്ലാ എങ്കിലും ഒരു രക്ഷയോ മററോ എഴുതിക്കെട്ടണം' എന്ന് ക്രൂ സൽക്രൂടാമത പറഞ്ഞു.

അന്നത്തോടം അങ്ങിനെ കഴിഞ്ഞു. നല്ല ബാധോപദ്രവം! തന്റെ അച്ഛൻ മനുഷ്യവേഷധാരിയായ ഒരു രാക്ഷസനാണെന്നും സ്വാത്ഥമാത്രനിരതനായ ആ മൂർഖൻ വേണ്ടിവന്നാൽ തന്നെയും തന്റെ കുട്ടിയെയും ഇല്ലായ്മ ചെയ്യുവാൻ മടിക്കുകയില്ലെന്നും റാണിക്ക് ബോധം വന്നു. ആ ബോധത്തെ ഉറപ്പിക്കുന്നതിനുള്ള മററൊരു സംഭവവും ആ ഇടയ്ക്കുതന്നെ അവിടെവെച്ചു നടന്നു. ചണ്ഡന്റെ മാതാവും അദ്ദേഹത്തിന്റെ അനുജനും മുകുളന്റെ സമവയസ്കനുമായ രഘുദേവൻ എന്ന ബാലനും അന്തഃപുരത്തിൽ റാണിയോടുകൂടി പാർത്തുവരികയായിരുന്നു. മുകുളനും രഘുദേവനും രാമലക്ഷ്മണന്മാരെപ്പോലെ അത്രയോജിപ്പോടെ വളർന്നുവന്നു. അവർതമ്മിൽ വിയോഗമെന്നുള്ളത് ഒരിക്കലും ഉണ്ടായിട്ടില്ല. മുകുളന് വ്യഥ തോന്നാതെയിരിപ്പാൻ വേണ്ടിയാണ് ചണ്ഡൻ തന്റെ മാതാവിനെയും രഘുദേവനെയും അന്തഃപുരത്തിൽ തന്നെ പാർപ്പിച്ചുംവെച്ചു രാജ്യം വിട്ടുപോയതു്. ഒരു ദിവസം കാലത്ത് രഘുദേവനെ അന്വേഷിച്ചതിൽ എങ്ങും കാണ്മാനില്ലായിരുന്നു. 'ആ കുട്ടി എവിടെ' എന്ന് റാണി അച്ഛനോട്ട് ചോദിച്ചു.

'ആററിൽ ഒഴുക്കിട്ടുണ്ടു്. ഇപ്പോൾ ഏകദേശം അതിന്റെ അച്ഛൻ താമസിക്കുന്ന ഗയയിൽ എത്തിയിരിക്കണം' എന്ന് ആ ദ്രോഹി ഉത്തരം പറഞ്ഞു.

'അമ്മേ! രഘുവിനെ കാണാതെ ഞാനിന്ന് ഉണ്ണുകയില്ല' എന്നായി മുകളൻ.

റാണിയെ ഈ സംഭവം എത്രമാത്രം വ്യസനാക്രാന്തയാക്കിയെന്ന് പറയേണ്ടതില്ലല്ലോ. ഈ അത്യാപത്തിൽ നിന്ന് രക്ഷപ്പെടുവാൻ ആ സ്ത്രീരത്നം ഒരു മാർഗ്ഗമേ കണ്ടുള്ളു. തന്റെ അച്ഛൻ മുതലായ രാജദ്രോഹികളിൽ നിന്ന് തന്റെ പുത്രനേയും രാജ്യത്തെയും രക്ഷിക്കുന്നതിന് ചണ്ഡനോടുതന്നെ അപേക്ഷിക്കുക എന്ന് ആ സാധ്വി നിശ്ചയിച്ച് ഏകലിംഗക്ഷേത്രത്തിലെ പുരോഹിതനെ ആ വിവരമറിയിച്ചു. പുരോഹിതൻ ദേശാന്തരവാസിയായ ചണ്ഡനെഗ്ഗോപ്യമായി കണ്ടു. 'റാണി എന്റെ അമ്മയെക്കാൾ എനിക്ക് അധികമാണ്. റാണിക്കുവേണ്ടി ജീവനെക്കൂടിയും ത്യജിപ്പാൻ എനിക്കു മടിയില്ല' എന്നു പറഞ്ഞ് ചണ്ഡൻ ആ ക്ഷേത്രത്തിലെ ഉത്സവം അവസാനിക്കുന്നദിവസം താൻ വേണ്ട ഭടന്മാരുമായെത്തി രണമല്ലൻ തുടങ്ങിയ ശത്രുക്കളിൽ നിന്ന് രാജ്യത്തെ വീണ്ടെടുത്തുകൊള്ളാമെന്നു വാഗ്ദാനം ചെയ്തു.

ഉത്സവത്തിന്റെ അവസാനദിവസമായി. രാജ്ഞിയും പുരോഹിതനും ചണ്ഡന്റെയും കൂട്ടരുടെയും വരവിനെ പ്രതിനിമിഷം പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. നേരം ഇരുട്ടി; മണി പത്തടിച്ചു. എന്നിട്ടും ആരെയും കാണ്മാനില്ല. ഉത്സവാഘോഷം കഴിഞ്ഞു ഏകലിംഗബിംബത്തെ കോട്ടയ്ക്കകത്തേക്ക് എഴുന്നള്ളിക്കുമ്പോൾ ചണ്ഡനും യുദ്ധവീരന്മാരായ ഇരുന്നൂറ് അനുചരന്മാരും വേഷച്ഛന്ന

ന്മാരായി കാഴ്ചക്കാരുടെ ഇടയിൽ പ്രത്യക്ഷീഭവിച്ചു. ചോദിക്കുന്നവരോടൊക്കെയും തങ്ങൾ ഉത്സവം കാണ്മാൻ വന്നിരിക്കയാണെന്ന് അവർ പറഞ്ഞു. ക്ഷണനേരം കൊണ്ടു രാജധാനിയും മററും അവൎക്ക് കീഴടങ്ങി. റാണിയുടെ സഹോദരൻ ഭയപ്പെട്ട് ഓടി. രണമല്ലനാകട്ടെ മദ്യപാനം ചെയ്തു് മത്തനായ് ഒരു കവച്ചിയിന്മേൽ കിടക്കുകയായിരുന്നു. വെളിയിലുള്ള കോലാഹലവും വിളിയുമാണോ അവിടെ അറിയുന്നു? ആ ഘാതകരെ കവച്ചിയോടുകൂടിവരിഞ്ഞിറുക്കിക്കെട്ടി ചണ്ഡന്റെ ശൂരന്മാരായ അനുചരന്മാർ വെടിവെച്ചുകൊന്നു. ചണ്ഡൻ വീണ്ടും മുകളന്റെ പ്രതിനിധിയായി. കുറെക്കാലം രാജ്യം രക്ഷിച്ച് അദ്ദേഹത്തിനു പ്രാപ്തിയായപ്പോൾ സൎവ്വാധികാരങ്ങളെല്ലാം വിട്ടുകൊടുത്തു. മുകളജി "റാണാ" ആയി രാജ്യഭാരം തുടങ്ങിയപ്പോൾ ഒന്നു രണ്ടു നഗരങ്ങളെങ്കിലും ചണ്ഡൻ എടുത്തുകൊള്ളണമെന്ന് കഴിയുന്നതും നിൎബന്ധിച്ചുനോക്കി. ആ മനസ്വി ഈ നിൎബന്ധത്തിന് വശംവദനായില്ലെന്ന് പറയേണ്ടതില്ലല്ലോ. മുകളന്റെ പ്രജകളിൽ ഒരാളെന്നതുപോലെ മീവാർ രാജ്യത്തിന്റെ യഥാൎത്ഥ കിരീടാവകാശിയായ ചണ്ഡൻ തന്റെ ആയുശ്ശേഷത്തെ നയിച്ചു.

---

## വിപദിധൈര്യം

സാംഗൻ മുകിലസാമ്രാജ്യസ്ഥാപകനായ ബേബർ പാദഷാവോടും മററും എതിർത്ത് പല ഘോരയുദ്ധങ്ങളും നടത്തി ശാശ്വതമായ യശസ്സു സമ്പാദിച്ച് ഒടുവിൽ പര

ഗതിയെ പ്രാപിച്ചു. അദ്ദേഹത്തിനു താൻ മരിക്കുമ്പോൾ
രത്നനെന്നും വിക്രമാദിത്യനെന്നും രണ്ടു പുത്രന്മാർ ജീവിച്ചി
രുന്നതുകൂടാതെ കർണ്ണാവതി എന്ന ധർമ്മപത്നി ഗർഭവും
ധരിച്ചിരുന്നു. യഥാകാലം ആ സ്ത്രീരത്നം ഒരു പുരുഷപ്ര
ജയെ പ്രസവിച്ചു ആ കുട്ടിക്കു ഉദയസിംഹൻ എന്നായിരു
ന്നു നാമധേയം.

രത്നൻ അഞ്ചുവർഷത്തെ രാജ്യഭാരംപോലും കഴിയുന്ന
തിനുമുമ്പായി ഒരു ദ്വന്ദ്വയുദ്ധത്തിൽവെച്ചു മരിച്ചുപോയി.
വിക്രമാദിത്യൻ ഗർവിഷ്ഠനും ദുരഹങ്കാരിയും വിവേകശൂന്യ
നുമായിരുന്നതിനാൽ രാജപുത്രർ അദ്ദേഹത്തെ ലേശവും
സ്നേഹിച്ചില്ല- പ്രഭുക്കന്മാരേയും പൌരപ്രമാണികളേയും
വെറുപ്പിക്കുന്നതിനുള്ള ഒരു സാമർത്ഥ്യം ഈ രാജാവിനു പ്ര
ത്യേകമായുണ്ടായിരുന്നു, രാജപുത്രന്മാർ പ്രായേണ അശ്വാരൂ
ഢന്മാരായ ഭടന്മാരാണ്- വിക്രമാദിത്യനാകട്ടെ അശ്വം
എന്നല്ല ചതുർത്ഥീചന്ദ്രനായിരുന്നു "നിങ്ങളല്ലെങ്കിൽ നി
ങ്ങളുടെ മുത്തച്ഛന്മാർ! പണമുണ്ടെങ്കിൽ പടക്കൂട്ടാനൊ പ
ഞ്ഞി?" എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം പുരാതനകാലം
മുതൽക്കുതന്നെ ചിറ്റൂരിൽ ഉണ്ടായിരുന്ന അശ്വസൈന്യ
ത്തെ പിരിച്ചയച്ചുംവെച്ച് പുറനാട്ടുകളിൽനിന്ന് കൂറവപ
ദാതികളെവരുത്തി അവൎക്കു ധാരാളംശമ്പളവുംപടിയുംകൊടു
ത്ത് രാജധാനിയിൽ പാർപ്പിച്ചു. രാജ്യം അനാഥമായി.
പട്ടാപ്പകലെ കത്തിക്കലയും തീവെട്ടിക്കൊള്ളയും ഇല്ലാത്ത
ദിവസം ചുരുങ്ങി. മലയരയന്മാർ കോട്ടയ്ക്കകത്തുകൂടി കടന്നു
മോഷണം തുടങ്ങി. കേൾവിയും ഇല്ല കേൾപ്പോരുമില്ല. രാ

ജാവു പ്രജകളോടു കള്ളന്മാരെ പിടിപ്പാൻ ആജ്ഞാപിച്ച തിൽ 'ഞങ്ങളുടെ മുത്തപ്പന്മാരിൽ ചിലരെ ദത്തെടുത്തിട്ടുണ്ടല്ലോ; അവർ കാൽനടയായിനടന്നുചെന്നുപിടിക്കട്ടെ' എന്നു പറഞ്ഞു് അവർ അദ്ദേഹത്തെ പുച്ഛിച്ചു.

അതിനിടയ്ക്കു പൃഥ്വിനാൽ ബന്ധനസ്ഥനാക്കപ്പെട്ട മുസഫർ മരിച്ചു് അദ്ദേഹത്തിന്റെ പുത്രനായ ബഹദ്ദൂർ മാലവരാജ്യം രക്ഷിച്ചു തുടങ്ങി. ബഹദ്ദൂർ മഹാപരാക്രമശാലിയായ ഒരു യോദ്ധാവായിരുന്നു. രാജപുത്രന്മാരെ ഒരു പാഠം പഠിപ്പിപ്പാൻ തക്കതായ അവസരമെന്നു് അദ്ദേഹം നിശ്ചയിച്ചു തന്റെ അപ്പനെ അപമാനിച്ചു് കാരാഗൃഹത്തിലിട്ട പൃഥ്വിന്റെ പട്ടണത്തിലുള്ള സ്ത്രീകളെ മുഴുവൻ താനും മാനഭംഗംചെയ്തു കാരാഗൃഹത്തിലിടുന്നുണ്ടെന്നു ശപഥം ചെയ്തു് ഒരു വലിയ സൈന്യത്തോടു കൂടി ബഹദ്ദൂർ ചിറ്റൂരിലേക്കു പുറപ്പെട്ടു. വിക്രമാദിത്യൻ തന്റെ ഉദരംഭരികളായ അനുയായികളോടു കൂടി ശത്രുവിനെ മാർഗ്ഗമദ്ധ്യത്തിൽ വച്ചെതിർത്തു. മഹമ്മദീയർ വച്ച വെടിയുടെ ശബ്ദം കേട്ടപ്പോൾ തന്നെ ആ ക്ഷുദ്രഭടന്മാർ ഓടിത്തുടങ്ങി. ഒരു നില്പുംകൂടിയില്ലാതെ വിക്രമാദിത്യനും ഓടി അയൽ നാടുകളിൽ ഒന്നിൽ ചെന്നു് രക്ഷപ്പെട്ടു. വിജയിയായ ബഹദ്ദൂർ നേരേ ചിറ്റൂരിലേക്കും തിരിച്ചു.

രാജപുത്രന്മാർ വിക്രമാദിത്യനെ ഉപേക്ഷിച്ചു എങ്കിലും തങ്ങളുടെ നഗരത്തെ ഉപേക്ഷിപ്പാൻ തയ്യാറായിരുന്നില്ല. നിവൃത്തിയുള്ളിടത്തോളം ഭടന്മാർ കോട്ടയെകാത്തു

കൂടി ശിശുവായ ഉദയസിംഹനേയും രാജധാനിയേയും രക്ഷിപ്പാൻ സന്നദ്ധന്മാരായി നിന്നു. എന്തു ഫലമാണു്? വൻ കടൽ പോലെയുള്ള ശത്രുസൈന്യത്തോടു് ഒരു വിധത്തിലും നേരിടുവാൻ തങ്ങൾ പ്രാപ്തന്മാരല്ലെന്നു അവൎക്കു ബോദ്ധ്യമായി. പിന്നെ കോട്ടയുടെ മിടുക്കു് ഒന്നുമാത്രമേ ആശ്രയമായുണ്ടായിരുന്നുള്ളു. ബഹദൂർ അതിന്റെ അടിയിൽ തുരങ്കം വെച്ചു് വെടിമരുന്നിട്ടുനിറച്ചു തീകൊളുത്തി. അതുവരെ അഭേദ്യമെന്നു വച്ചിരുന്ന ദുൎഗ്ഗം അരനിമിഷം കൊണ്ടു് നിന്ന നിലയിൽ മറിഞ്ഞുവീണു. നഗരരക്ഷയുടെ കഥ അതോടുകൂടി കഴിഞ്ഞു. പ്രതികാരേച്ഛുവായ ബഹദൂർ കയ്യിൽകിട്ടുന്ന ശത്രുക്കളെ ഇന്നതേ ചെയ്യു എന്നു് ഊഹിപ്പാൻപോലും വിഷമമായിരുന്നു. മേൽ വേണ്ടതു് എന്താണെന്നുള്ളതിനെപ്പററി രാജധാനിക്കകത്തു ആലോചനയായി. ആൎക്കും ഒരു ഉപായവും തോന്നിയില്ല.

ഒടുവിൽ റാണി കൎണ്ണാവതി സ്വല്പം ആലോചിച്ചു് തന്റെ കയ്യിൽ കിടന്നിരുന്ന സ്വൎണ്ണകങ്കണം ഊരി ധൈൎയ്യത്തോടുകൂടി ഇങ്ങനെ പറഞ്ഞു

കൎണ്ണാ-ദൂതാ! ആരെങ്കിലും ഒരു ഭടൻ ശത്രുമദ്ധ്യത്തിൽകൂടി എന്റെ പുത്രനേയുംകൊണ്ടു് പാഞ്ഞു് ബന്ദീരാജ്യത്തിലോ മററാ അവനെ ആക്കിയും വച്ചു് നേരെ ചെന്നു ബേബർ പാദഷാവിന്റെ പുത്രൻ ഹുമയൂൺ രാജകുമാരനെക്കണ്ടു് കൎണ്ണാവതി ഈ വള അവിടുത്തേക്കു സമൎപ്പിച്ചു് അവിടുത്തെ തന്റെ സഹോദരനായി വരിക്കുന്നു എന്നു പറയണം. എന്നാൽ മീവാർ രാജ്യം നശിക്കയില്ല.

'അതു ഞാനായി' എന്നു ശൂകസേനൻ എന്ന ഒരു രാജഭക്തനായ ഭടൻ പറഞ്ഞു.

അന്നു രാത്രിയിൽ തന്നെ ശൂകസേനൻ റാണി ആജ്ഞാപിച്ചതുപോലെ ചെയ്തു ഉദയസിംഹനെ ബന്ദിരാജ്യത്തിൽ കൊണ്ടുചെന്നാക്കി വംഗദേശത്തിൽ ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന ഹുമയൂണിനെ ചെന്നുകണ്ടു സന്ദേശത്തെ അറിയിച്ചു.

മഹാനായ ഹുമയൂൺ രാജകുമാരൻ ദൂതമുഖത്തിൽനിന്നു കഥമുഴുവൻ ധരിച്ചു. രാജപുത്രന്മാരുടെ ഇടയിൽ ഒരു യുവതി തന്റെ കൈവള ഊരി ഒരു പുരുഷനെ ഏല്പിക്കുകയാണെങ്കിൽ അവൻ അന്നുമുതൽ അവളുടെ മാനത്തെ പാലിക്കുന്നതിന്നു ബാദ്ധ്യസ്ഥനായ ജ്യേഷ്ഠസഹോദരനായി. ഹുമയൂൺ കുറേനേരം ചിന്താക്രാന്തനായി ഇരുന്നു. "ചിറ്റൂരിലെ മഹാറാണാവിന്റെ ധർമ്മപത്നി എന്നെ ജ്യേഷ്ഠനായി വരിക്കുന്നു ഇതെന്തു ധർമ്മസങ്കടമാണു? ചിറ്റൂരിനെ ഇപ്പോൾ ആക്രമിക്കുന്നതു ഒരു മുസൽമാൻ. വന്ദ്യനായ നിബിയുടെ മതാനുയായി. മഹാധീരനും മഹാമേധാവിയുമായ ഒരു യോദ്ധാവു. അദ്ദേഹത്തിന്റെ അപ്പനെ രാജപുത്രന്മാർ അന്യായമായി അവമാനിച്ചിട്ടും ഉണ്ടു— ആ സ്ഥിതിക്കു ബഹദൂറിന്റെ പ്രതിക്രിയ എങ്ങിനെ അക്രമമാകും; ഈ അവസരത്തിൽ ഒരു മഹമ്മദീയനായ ഞാൻ എന്താണു വേണ്ടതു!; ഛേ ഇതെന്താലോചനയാണു? അത്യാപത്തിൽ പെട്ടിരിക്കുന്ന ഒരു അബലയായ യുവതി, പോരാത്തതിന്നു ഉത്തമമായ

ഒരു മഹാരാജ്ഞി. ഞാൻ ഒരു പുരുഷനെന്നു കരുതിയല്ലേ ആ സ്ത്രീരത്നം എന്റെ സഹായത്തെ അപേക്ഷിക്കുന്നതു? വരുന്നതു വരട്ടെ. ബഹദൂർ പോയിട്ടു എന്റെ പ്രിയപ്പെട്ട അച്ഛൻ ബേബർ പാദഷാ തന്നെയാണ് ഇപ്പോൾ ചിറ്റൂർ നഗരത്തെ ആക്രമിക്കുന്നതെങ്കിലുംകൂടി ഞാൻ ആ ആക്രമണത്തെ നിരോധിക്കും. അല്ലെങ്കിൽ ഞാൻ ആണല്ല. എന്റെ അന്തഃപുരത്തെ രക്ഷിപ്പാൻ ആക്കീട്ടുള്ള നപുംസകങ്ങളിൽ ഒന്നാണു" എന്നു ആലോചിച്ചുറച്ചു 'ദൂതാ! സഹോദരി ഭയപ്പെടേണ്ട. ധൈര്യമായിരിക്കട്ടെ ഇന്നേയ്ക്കു നാലാംപക്കം സൂര്യനിന്ന് കൂട്ടിൽ ജീവനുണ്ടെങ്കിൽ റാണി അദ്ദേഹത്തെ ചിറ്റൂർകോട്ടയ്ക്കു മുൻവശത്തു ഒരു സൈന്യസമേതനായി യുദ്ധസന്നദ്ധനായി കാണും' എന്നു രാജകുമാരൻ പറഞ്ഞു.

അതിനിടയ്ക്കു ചിറ്റൂരിൽ നടന്ന കലാപത്തിന് അതിരില്ലായിരുന്നു. ബഹദൂറിന്റെ ശപഥം രാജപുത്രന്മാർക്ക് നല്ലപോലെ അറിയാമായിരുന്നതിനാൽ, ജീവനോടുകൂടി ഒരു പുരുഷനോ സ്ത്രീയോ ശത്രുവിന്റെ കയ്യിൽ അകപ്പെടുവാൻ ഇടവരരുതെന്ന് അവരും നിശ്ചയിച്ചു. ആദ്യം വിക്രമാദിത്യന്റെ മാതാവ് കോട്ടയ്ക്കു വെളിയിൽ പുറപ്പെട്ട് പടവെട്ടിമരിച്ചു. രാജാവിനെക്കൂടാതെ രാജപുത്രന്മാർ യുദ്ധം ചെയ്കയില്ലെന്നു വച്ചു. ആതിനാൽ ഓരോദിവസത്തേക്ക് അവർ ഓരോ പ്രഭുക്കന്മാരെ രാജാക്കന്മാരാക്കി അഭിഷേകം ചെയ്യിച്ചു. ഒരു ദിവസം ഒരു രാജാവ് മരിച്ചാൽ അടുത്തദിവസം മറെറാരു രാജാവായി രണ്ടുമൂന്നു ദിവസം

കൊണ്ടു കോട്ടയ്ക്കകത്തുണ്ടായിരുന്ന പുരുഷന്മാർ ഒട്ടുമുക്കാലും മരിച്ചു. ശേഷിച്ചതു് സ്ത്രീകളായിരുന്നു. റാണി കൎണ്ണാവതി ഹുമയൂണിന്റെ വരവിനെ കാത്തുകൊണ്ടിരുന്നു. ഒടുവിൽ ഒരു നിവൃത്തിയും കാണാതെയായി. ശത്രുക്കൾ അന്തഃപുരത്തിനകത്തു് പ്രവേശിക്കുമെന്നുള്ള പതനം വന്നു. റാണി തന്റെ വിശ്വസ്തദാസിയായ പണ്ണയെ നോക്കി "പണ്ണേ നീ എങ്ങനെയെങ്കിലും ബന്ദിയിലേക്കു ചെന്നു് ഉണ്ണിയെ രക്ഷിക്കണം. നിന്റെ കുട്ടിക്കും ഉദയസിംഹനും ഒരു വയസ്സാണു്. രണ്ടുപേരേയും നീതന്നെ വളൎത്തണം. ഈശ്വരൻ ഒടുവിൽ എല്ലാം നേരെയാക്കും" എന്നു പറഞ്ഞുംവച്ചു് സമീപത്തുള്ള പാറകളിൽ വലുതായ കുഴികൾ കുഴിപ്പിച്ചു് അവയിൽ ധാരാളം വെടിമരുന്നുകളും ഇന്ധനദ്രവ്യങ്ങളും ഇട്ടു നിറച്ചു് അതിൽ ബാക്കിയുണ്ടായിരുന്ന രാജപുത്ര സ്ത്രീകളോടുകൂടി ചാടി തീകൊളുത്തിച്ചു് പ്രാണത്യാഗം ചെയ്തു.

ബഹദൂർ അപ്പോഴേക്കും അന്തഃപുരത്തിനകത്തു കയറി. അവിടെക്കണ്ട കാഴ്ച അതിഭയങ്കരമായിരുന്നു. വാളെടുത്തു് കണ്ഠച്ഛേദം ചെയ്തവർ അങ്ങനെ. തീയിൽ ചാടി പ്രാണത്യാഗം ചെയ്തവർ അങ്ങനെ. വിഷം തിന്നു് മരിച്ചവർ അങ്ങനെ. കെട്ടിത്തൂങ്ങിച്ചത്തവർ അങ്ങനെ. ഉയിരോടുകൂടി ഒരു പുരുഷനേയോ സ്ത്രീയേയോ രാജധാനിയിൽ എങ്ങും കാണ്മാനില്ലായിരുന്നു. പ്രകൃത്യാ ധീരനായ ബഹദൂർ പരിഭ്രമിച്ചു് സ്തബ്ധനായിനിന്നു. മുപ്പത്തീരായിരം പുരുഷന്മാരും പതിമ്മൂവായിരം സ്ത്രീകളും ഒരാഴ്ചയ്ക്കകം മരിച്ചിരിക്കുന്നു. ബഹദൂർ തന്റെ ശപഥം തെററിയതിൽ വച്ചു് ഭഗോ

ശയനായി മൂക്കിൽ വിരലുംവച്ച് നെടുവീർപ്പിട്ടുകൊണ്ടു നിന്നു.

ഒരുദിവസം മുമ്പ് ഹൂമയൂണിന് എത്താൻ കഴിയുമായിരുന്നു എങ്കിൽ അദ്ദേഹത്തിന് റാണിയെ ജീവനോടുകൂടി കാണ്മാൻ ഇടവരുമായിരുന്നു. പക്ഷെ ഈ കലാപം കഴിഞ്ഞേ അദ്ദേഹത്തിന് തന്റെ സേനയുമായി ചിറ്റൂരിൽ എത്തുന്നതിന് സാധിച്ചുള്ളു. ഹൂമയൂൺ നടന്ന വർത്തമാനം മുഴുവൻ അറിഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകൾ ക്രോധം കൊണ്ടു ജ്വലിച്ചു. ക്ഷീണപ്രായമായ സുൽത്താന്റെ സൈന്യം രാജകുമാരനോട് എതിക്കുന്നതിന് ഒരു പ്രകാരത്തിലും സന്നദ്ധമായിരുന്നില്ല. വിക്രമാദിത്യനെ വീണ്ടു മീവാറിലെ രാജാവാക്കി വാഴിച്ചുംവച്ച് ഹൂമയൂൺ ബംഗാളത്തിലേക്കു മടങ്ങി തന്റെ മരുമകനായ ഉദയസിംഹനെ വേണ്ടുംപോലെ സംരക്ഷിക്കണമെന്ന് രാജകുമാരൻ വിക്രമാദിത്യനോട് പ്രത്യേകം ഉന്നദോഷിക്കയുണ്ടായി. പന്ന അതിനിടയ്ക്കു് നുഴഞ്ഞു് ഓടി വെന്ദിയിൽചെന്നു് ചേർന്നിരുന്നു. ഉദയസിംഹനോടുകൂടി അവൾ തിരിയെ ചിറ്റൂരിലെത്തി ആ കുമാരനെ രക്ഷിച്ചുപോന്നു.

എന്നാൽ വിക്രമാദിത്യന് ഇത്രയെല്ലാം ഗ്രഹപ്പിഴകൾ വന്നിട്ടും അദ്ദേഹം നേരെയാകുന്നതിനുള്ള ലക്ഷണങ്ങൾ കണ്ടില്ല. 'ചൊട്ടയിലുള്ളതു് ചുടലവരെ' എന്നാണല്ലോ പഴമൊഴി. രാജ്യം തിരിയെകിട്ടി ഒരുമാസം കഴിയുന്നതിനു മുൻപ് അദ്ദേഹം സദസ്സിൽവച്ചുതന്നെ ഒരു വൃദ്ധനും യോഗ്യനുമായ പ്രഭുവിനെ പ്രഹരിച്ചു പൌരന്മാർ പിറേറന്നു് ആകപ്പാടെ ഇളകി വിക്രമാദിത്യനെ രാജ്യഭ്രഷ്ടനാക്കിയും

വച്ച് ഉദയസിംഹൻെറ ബാല്യം കഴിയുന്നതുവരെ വനവീരൻ എന്നൊരു പ്രഭുവിനെ രാജ്യരക്ഷയ്ക്കായി നിയമിച്ചു. വനവീരൻ ഉദയസിംഹനെ വേണ്ടതുപോലെ സംരക്ഷിച്ചുകൊള്ളാമെന്നു. കിരീടധാരണമുഹൂർത്തത്തിൽ ശപഥം ചെയ്തു. എന്നാൽ അന്നുരാത്രിയിൽതന്നെ ആ ദുഷ്ടൻ വിക്രമാദിത്യനേയും ഉദയസിംഹനേയുംവധിക്കണമെന്ന് തീർച്ചപ്പെടുത്തി. കയ്യിൽ കിട്ടിയ അധികാരം കളവാൻ ആർക്ക് മനസ്സുവരും? ആ പാപി വ്യസനിച്ചുകൊണ്ട് ഒരു കട്ടിലിന്മേൽ കിടന്നിരുന്ന വിക്രമാദിത്യൻെറ നേരെ പാഞ്ഞ് അദ്ദേഹത്തിൻെറ കണ്ഠത്തെ ഒരു വെട്ടുകൊണ്ട് ഛേദിച്ചു, പിന്നെ അപ്പോഴേക്കും പാലും ചോറും കൊടുത്ത് രാജകുമാരനെ തൊട്ടിലിൽ ഉറക്കിയതിൻെറ ശേഷം അതിനു സമീപത്തു തൻെറ കുട്ടിയേയും ഉറക്കിക്കൊണ്ടിരിക്കയായിരുന്നു. അടുത്ത മുറിയിലെ കരച്ചിലും നിലവിളിയും ലഹളയും അവർ കേട്ടു. ഉടനെ ഒരു നടയിൽ തവണക്കാരൻ ആ മുറിയിൽ നിന്നു വെളിയിലേക്കു പാഞ്ഞു. അയാളോട് അതെന്തു കലശലാണെന്നു ചോദിച്ചു.

'കലപാതകം! മഹാപാപി വനവീരൻ പൊന്നുതമ്പുരാനെ വെട്ടിക്കൊല്ലുന്നേ!' എന്ന് തവണക്കാരൻ മറുപടി പറഞ്ഞു. പിന്നെ ഒരു നിമിഷം ആലോചിച്ച് ഉറങ്ങിക്കൊണ്ടിരുന്ന രാജകുമാരനെ ഒരു പൂക്കൂടയ്ക്കകത്താക്കി പുഷ്പമാലകൾകൊണ്ട് ആ കുട്ടിയുടെ ദേഹത്തെ പൊതിഞ്ഞ് 'നിങ്ങൾ എങ്ങനെയെങ്കിലും ഈ നിധിയെ സൂക്ഷിച്ച് കൊട്ടാരത്തിന് വെളിയിൽ കൊണ്ടുപോയി നദീതീരത്തിൽ വച്ചുകൊള്ളണം. ഞാൻ നാളെ ഏതുനേരമെങ്കിലും അവി

ടെ എത്തും' എന്നു പറഞ്ഞു. തവണക്കാരനു് സംഗതി ഒന്നും മനസ്സിലായില്ല 'ഒട്ടും പരിഭ്രമിക്കരുതു്. ഞാൻ പറയുന്നതുപോലെ കേൾക്കണം' എന്നു് പന്ന വീണ്ടും നിർബന്ധിച്ചു പറഞ്ഞു് പൂക്കൂട എടുത്തു് അയാളുടെ കയ്യിൽ കൊടുത്തു. പന്ന തന്റെ കുട്ടിയെ പതുക്കെ എടുത്തു് തൊട്ടിലിലും കിടത്തി അപ്പോഴെയ്ക്കും ഘാതകനായ വനവീരൻ ഘോരമെലിക്കുന്ന വാളും ഉലച്ചുകൊണ്ടു് ഉദയസിംഹന്റെ മുറിയിലേക്കു പായുകയായിരുന്നു.

'ആരെടാ അതു്? എന്നു് ദുഷ്ടൻ ഘോഷിച്ചു.

'ഏറാൻ തവണക്കാരൻ.'

ഏതുക്കൂടയെടാ അതു്.

'പൊന്നമ്മച്ചിക്കു് പിച്ചിമാലകൊണ്ടു് വിടകൊള്ളുകയാണു പൊന്നുടയതേ'

'പോ പയലെ പോ' എന്നു പറഞ്ഞു് വനവീരൻ മുന്നോട്ടു ചാടി ഉദയസിംഹന്റെ മുറിയിലേക്കു് പാഞ്ഞു മുറിക്കകത്തു കയറി ഓങ്ങിയ വാളുമായി പന്നയെ നോക്കി ചാവി? 'എവിടെ കുട്ടി? ഉടയ്യാനുള്ള കൊച്ചു മൊട്ട എവിടെ' എന്നു് അലറി.

പന്ന ഒന്നും സംസാരിക്കാതെ അധോമുഖിയായി നിന്നു.

'പറയുന്നോ തല വീശട്ടെയോ? എന്നായി ഘാതകൻ. ഖഡ്ഗം പന്നയുടെ കഴുത്തോടു് അടുത്തു പന്ന തൊട്ടിലിലേയ്ക്കു് കണ്ണു കാണിച്ചു. വീണ്ടും ഓങ്ങിയ വാൾ ഉറങ്ങുന്ന കുട്ടിയുടെ കണ്ഠത്തിൽതന്നെ പതിച്ചു. ആ ശിശുവിന്റെ

കഥ തൽക്ഷണം കഴിഞ്ഞു വനവീരൻ സന്തുഷ്ടനായി മടങ്ങി.

പന്ന താൻ ചെയ്ത കൌശലം ആരെയും അറിയിച്ചില്ലെന്നു് പറയേണ്ടതില്ലല്ലോ. പിറേറദിവസം കാലത്തു് അന്തഃപുരത്തോടുചേൎന്ന ഉദ്യാനത്തിൽ വച്ചുതന്നെ മരിച്ച കുട്ടിയുടെ ദഹനം കഴിഞ്ഞു. ഉദയസിംഹരാജകുമാരൻ കഥാശേഷനായി എന്നു് പ്രജകളാസകലം ധരിച്ചു. വ്യസനിച്ചു പന്ന ശവദാഹാനന്തരം തവണക്കാരൻ നില്ക്കണമെന്നു് താൻ ശട്ടം കെട്ടിയിരുന്ന നദീതീരത്തിൽ എത്തി. രണ്ടുപേരും രാജകുമാരനെ എടുത്തുകൊണ്ടു് ദേവലദേശത്തിൽ എത്തി അവിടത്തെ രാജാവു് ആ കുട്ടിയെ രക്ഷിപ്പാൻ സന്നദ്ധനായിരുന്നില്ല. 'ആ പാപി കഥ അറിഞ്ഞാൽ എന്റെ വംശച്ഛേദം വരുത്തും' എന്നായി അദ്ദേഹം. മററനേകം രാജാക്കന്മാരും ഈ കാരണംതന്നെ പറഞ്ഞു് ഒഴിഞ്ഞു. സാധുവായ പന്ന എന്തു ചെയ്യും? മാൎഗ്ഗമദ്ധ്യത്തിൽ അവർ അനുഭവിക്കേണ്ടിവന്ന സങ്കടങ്ങൾ പറഞ്ഞാൽ അവസാനിക്കയില്ല. ഒടുവിൽ പലദേശങ്ങളും അതിക്രമിച്ചു് അവർ ദീപ്രം എന്ന നഗരത്തിൽ എത്തി. ആ നഗരത്തിലെ അധികാരിയായ ആശേശൻ ഒരു ജൈനനായിരുന്നു. ഒരുദിവസം കാലത്തു് പന്ന രാജകുമാരനോടുകൂടി അദ്ദേഹത്തിന്റെ ഗൃഹദ്വാരത്തിൽ ചെന്നുനിന്നു ഭിക്ഷ വേണമെന്നു് പ്രാൎത്ഥിച്ചു. താൻ ഒരു ജൈനഭിക്ഷുകിയാണെന്നും യജമാനനോടല്ലാതെ ഭിക്ഷ വാങ്ങുവാൻ തയ്യാറില്ലെന്നും അവൾ പറഞ്ഞു് ലഹള കൂട്ടി. ഭൃത്യന്മാർ എത്രതന്നെ ശാസിച്ചിട്ടും പോകാതെ അവിടെതന്നെ പാട്ടുകിടന്നു. അതുകണ്ടു് അവർ സൌധത്തിൽ

കയറിച്ചെന്നു്, 'ഒരു വൃദ്ധഭിക്ഷുകി വാതിൽക്കൽ വന്നുനില്ക്കുന്നു. അടിയങ്ങൾ എത്രതന്നെ നിർബ്ബന്ധിച്ചുനോക്കീട്ടും പോകുവാനുള്ള ഭാവം കാണുന്നില്ല. കൂടെ ഒരു കുട്ടിയുമുണ്ടു്. കണ്ടാൽ മന്മഥനെപ്പോലെയിരിക്കുന്നു' എന്നറിയിച്ചു. ആശേശൻ ഒന്നും മിണ്ടിയില്ല. അദ്ദേഹത്തിന്റെ മാതാവു് ഭിക്ഷുകിയാണെങ്കിൽ ഇങ്ങു വിളിക്കുവിൻ കാണട്ടെ, എന്നു പറഞ്ഞു പണ്ണ ആശേശന്റെമുമ്പിൽ ചെന്നു് 'മീവാർ രാജ്യത്തിന്റെ കിരീടാവകാശിയും സാംഗമഹാരാജാവിന്റെ പുത്രനുമായ ഉദയസിംഹരാജകുമാരനെ അവിടുത്തെ കരുണയുണ്ടായി രക്ഷിക്കണമേ' എന്നു പ്രാർത്ഥിച്ചു. ആശേശൻ കുട്ടിയെ പലപ്രാവശ്യം സൂക്ഷിച്ചുനോക്കി. രാജകുമാരനെന്നുള്ളതു് ഏറെക്കുറെ നിസ്സംശയമായിരുന്നു. പണ്ണ കഴിഞ്ഞ കഥ മുഴുവൻ പറഞ്ഞുകേൾപ്പിച്ചപ്പോൾ സകല സംശയങ്ങളും തീർന്നു. എങ്കിലും അദ്ദേഹത്തിനും ഘാതകനായ വണവീരനെപ്പററി അസാമാന്യമായ ഭയമുണ്ടായിരുന്നതിനാൽ സാധു ഒന്നും പറയാതെ ചിന്താഗ്രസ്തനായി നിന്നു. അപ്പോൾ മാതാവു 'എന്താലോചിക്കാനാണു്? നമ്മുടെ കുടുംബം നശിച്ചാലും ശരി. നീ കുട്ടിയെ രക്ഷിക്കുകതന്നെ വേണം' എന്നു മകനോടു ഖണ്ഡിച്ചു് പറഞ്ഞു. ആശേശന്റെ സഹോദരിയെ ഒരു അന്യദേശത്തിൽ ആണു് വിവാഹം ചെയ്തുകൊടുത്തിരുന്നതു്. ആ സ്ത്രീയുടെപുത്രനെന്നുള്ള നിലയിൽ രാജകുമാരനെ തന്റെ ഗൃഹത്തിൽ വളർത്തിക്കൊള്ളാമെന്നു് ഒടുവിൽ ആശേശൻ ഒരു വിധം ഏററു. പണ്ണ ചിററൂരിലും മീപ്രത്തിലും രാജകുമാരന്റെ കഥയെപ്പററി ആരും അറിയാതിരിക്കുന്നതിലേക്കു വേണ്ടി

തിരിയെ വനവീരന്റെ അന്തഃപുരത്തിൽ എത്തി അവിടെ ഒരു ദാസിയായി പാൎത്തു.

പക്ഷെ ഉദയസിംഹൻ കാശ്യപാശ്രമത്തിൽ വളൎന്നു ഭരതനെപ്പോലെയാണു കാണപ്പെട്ടതു്. ഒരു ദിവസം ഒരു പാത്രത്തിൽ കുറെ തൈരു വിളമ്പാനായി കൊണ്ടുവന്നു വച്ചപ്പോൾ അതിൽകടന്നു കുമാരൻ പിടിച്ചു. ആ പിടിവിടിവിപ്പാൻ ആരു വിചാരിച്ചിട്ടും സാധിച്ചില്ല. പല കാരണങ്ങളെക്കൊണ്ടും ആ ദേശത്തു ആ വിധത്തിൽ ഒരു ബാലകൻ ഉണ്ടാകുവാൻ മാൎഗ്ഗമില്ലെന്നും അദ്ദേഹം ഏതോ ഒരു രാജകുമാരനെ ഗൂഢമായി വളൎത്തുകയാണെന്നും ജനശ്രുതി പരന്നു തുടങ്ങി. ഏഴുവൎഷകാലം ഉദയസിംഹൻ പ്രച്ഛന്നനായി തന്നെ വളൎന്നു. അപ്പോഴേക്കും പല പ്രഭുക്കന്മാൎക്കും സംഗതിയുടെ വാസ്തവം മനസ്സിലായിത്തുടങ്ങി. മദോന്മത്തനായ വനവീരൻ മാത്രമെ ആ കഥ ഒന്നും അറിയാതെ ഇരുന്നുള്ളു. കംസനെപ്പോലെ ക്രൂരനായിരുന്ന ആ പാപിക്കു കംസന്റെ മുൻകരുതൽ പോലും ഈശ്വരൻ കൊടുത്തില്ല. വനവീരൻ സകല പൌരപ്രധാനികളേയും നിന്ദിച്ചു. ഇന്ദ്രപദവിയെ കിട്ടിയ നഹുഷനെപ്പോലെയായിരുന്നു ആ ദുഷ്ടന്റെ നടപടി. ഒടുവിൽ പ്രജകൾ ഒന്നിച്ചിളകി ദില്ലിനഗരത്തിലേക്കു ചെന്നു ഉദയസിംഹനെ 'റാണാ' ആയി അഭിഷേകം ചെയ്യിച്ചു 'ചിറ്റൂരി'ലെ കോട്ടവാതിൽക്കൽ കൊണ്ടുവന്നു. വനവീരൻ വട്ടത്തിലായി. തന്റെ മന്ത്രിയോടു കുറെ ഭക്ഷണസാധനങ്ങൾ ശേഖരിച്ചു വച്ചുകൊണ്ടു് യുദ്ധത്തിനു തയാറാകണമെന്നദ്ദേഹം പറഞ്ഞു. ആ മന്ത്രി ഭക്ഷണസാധനങ്ങൾ വിൽക്കാൻ കൊണ്ടുവന്നി

രിക്കുന്നവരാണെന്നുള്ള വ്യാജത്തിൽ ഉദയസിംഹന്റെ അനുചരന്മാരായ ആയിരം ഭടന്മാരെ കോട്ടയ്ക്കകത്തു കടത്തി. വനവീരൻ കീഴടങ്ങി. ഉദയസിംഹൻ രാജ്യപരിപാലനവും തുടങ്ങി. ഈ അഭ്യുദയത്തിനൊക്കെയും കാരണഭൂതയായ വന്ദ്യവയോവൃദ്ധ പന്നയെ ജനങ്ങൾ മഹാരാജാവിന്റെ മാതാവിനെക്കാൾ അധികമായി ബഹുമാനിക്കയും സ്നേഹിക്കയും ചെയ്തു.

320
94282

---

## മാനം.

മഹാനായ അക്ബർ ചക്രവർത്തി ഉദയസിംഹന്റെ സമകാലീനനായിരുന്നു. അദ്ദേഹം ഒരു ശക്തിമത്തായ സൈന്യത്തോടുകൂടി ചിറവൂരിനെ ആക്രമിച്ചു ഉദയസിംഹനുമായി പടവെട്ടി അദ്ദേഹത്തെ തോല്പിച്ചു മീവാർ രാജ്യത്തെ മുകിലസാമ്രാജ്യത്തോടു് ചേർത്തു. റാണാ ഓടി ഒളിച്ചു ആരവല്ലീ പർവ്വതനിരകളുടെ താഴ്വരയിൽ ചെന്നു രക്ഷപ്പെട്ടു അവിടെ ഉദയപുരം എന്ന നഗരത്തെ സ്ഥാപിച്ചു് അചിരേണ കാലധർമ്മത്തെ പ്രാപിച്ചു.

അനന്തരം ഉദയസിംഹന്റെ സീമന്തപുത്രനായ പ്രതാപസിംഹൻ സിംഹാസനാധിരൂഢനായി. എന്തു സിംഹാസനമാണു? ആ മഹാരണ്യത്തിന്റെ സ്ഥിതിക്കു സിംഹാധിരൂഢനായി എന്നു പറഞ്ഞാൽ ഒന്നു കൂടി യോജിക്കും. രാജ്യമില്ല; സൈന്യമില്ല; ഭണ്ഡാരമില്ല; കോട്ടയില്ല; കൊത്തളമില്ല; മലയിടുക്കിൽ കിടക്കുന്ന ഒരു ചെറിയ പട്ടണം മാത്രമേ അദ്ദേഹത്തിനധീനമായിരുന്നുള്ളു. കിരീട

ധാരണാവസരത്തിൽ ആ മനസ്വി തൻെറ പൂവ്വികന്മാരു ടെ രാജധാനി വീണ്ടെടുക്കുന്നതു വരെ താനും തൻെറ പിൻവാഴ്ച്ചക്കാരും യാതൊരു പ്രകാരത്തിലുമുള്ള ഐഹിക സുഖങ്ങളെ കാംക്ഷിക്കുന്നതല്ലെന്നും തങ്ങൾ ഉണ്ണുന്നതു സ്വണ്ണപാത്രം വിട്ടു വാഴയിലയിലും ഉറങ്ങുന്നതു് തൂലിമെത്തവിട്ടു വയ്ക്കോലിന്മേലും ആയിരിക്കുമെന്നും അഭീഷ്ടസിദ്ധി വരുന്നതുവരെ തങ്ങളുടെ യാത്രകളിൽ 'നകരാ' മുൻവശം വിട്ടു പിൻവശത്തു മാത്രം അടിക്കുന്നതാണെന്നും ശപഥം ചെയ്തു.

പ്രതാപൻ ആദ്യമായി ചെയ്തതു സമീപത്തുള്ള മലകൾ ഒക്കെയും പിടിച്ചു കൈവശപ്പെടുത്തുകയാകയായിരുന്നു. അതു കഴിഞ്ഞ ഉടൻ തന്നെക്കുറിച്ച് ഭക്തിയുള്ള പ്രജകൾ എല്ലാവരും ആ മലകളിൽ വന്നു് പാക്കണമെന്നു് രാണാ ആജ്ഞാപിച്ചു. ചിററൂർ നഗരത്തെ രക്ഷിപ്പാൻ മാത്രം ഒരു മഹമ്മദീയ സൈന്യം അക്ബറാൽ നിയുക്തമായിരുന്നു. അതൊഴികെ ശത്രുവിൻെറ അധീനമായ രാജ്യം മുഴുവനും ഒരു ശൂലശൂന്യമായ മരുഭൂമിയാക്കി തീക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. താനും ഉദയപുരം വിട്ടു് പവ്വതങ്ങളുടെ മദ്ധ്യത്തിൽ കിടക്കുന്ന കുംഭമേരു എന്ന സ്ഥലത്തെ തൻെറ രാജധാനിയാക്കി ഉറപ്പിച്ചു. പ്രതാപൻെറ നിരന്തരമായ ഉദ്യമംനിമിത്തം മീവാർരാജ്യം മുഴുവൻ ഒന്നു രണ്ടു കൊല്ലം കൊണ്ടു് ഒരു വൻകാടായി തീൎന്നു ഫലവത്തും സസ്യസമൃദ്ധവുമായിരുന്ന ആ പ്രദേശം മുഴുവൻ മുൾച്ചെടികളും കുററികാടുകളും കൊണ്ടു നിറഞ്ഞു. ആൾപാർപ്പുള്ള ഒരൊററ വീടെങ്കിലും കോട്ടയ്ക്കുവെളിയിൽ ഇല്ലെന്നുള്ള പതനമായി. പകൽ അടുക്കളയിൽ നിന്നു

പുകയും രാത്രിയിൽ വെളക്കിൽ നിന്ന് വെളിച്ചവും എങ്ങും തന്നെ പുറപ്പെട്ടില്ല. ഒരു ദിവസം ആ സ്ഥലത്തു ഒരാട്ടിടയൻ ഒളിച്ചും പതുങ്ങിയും ഒരു മലയിൽ തന്റെ ആടുകളെ തീററിച്ചുകൊണ്ടു നിന്നിരുന്നു. റാണാ ഒരു കുതിരസിൽ കയറി തോക്കിൽനിന്നുവിട്ട വെടിയുണ്ടപോലെ അവന്റെ മുൻപാകെ എത്തി. രാജാധികാരത്തെ തിരസ്കരിച്ചതിന് അവനെ അവിടെ വച്ചുതന്നെ വധിച്ചു. എന്തിനു വളരെ പ്പറയുന്നു? ചിറത്തൂർ കോട്ടയ്ക്കു വെളിയിൽ പട്ടപ്പകൽ പോലും ആളുകൾ ഇറങ്ങാതെയായി. കാട്ടാനകൾ ആ കോട്ടയിൽ തങ്ങളുടെ കൊലകൊമ്പുകൾ ഉരച്ചു. രാവും പകലും വന്യമൃഗങ്ങളുടെ ഘോരശബ്ദങ്ങൾ ആ നഗരവാസികൾ അതിസ്പഷ്ടമായി കേട്ടു. ഒരു മഹത്തായ ശത്രുസൈന്യം കോട്ടയ്ക്കു പുറവും നിന്നു യുദ്ധം ചെയ്യുകയായിരുന്നു എങ്കിൽ പോലും അവർ ഇത്ര കഷ്ടതകൾ അനുഭവിക്കുമായിരുന്നില്ല. നേരേ മറിച്ചു പ്രതാപന്റെ വിശ്വസ്ത പ്രജകൾ പർവ്വതനിര മുഴുവനും വെട്ടിക്കിളച്ചു നിരത്തി സമതലമാക്കി അവിടെ കൃഷിയും പാർപ്പും തുടങ്ങി. കാടു മുഴുവൻ നാടും നാടു മുഴുവൻ കാടുമായി കലാശിച്ചു. മുകിലന്മാർക്കു സൂരത്തു് മുതലായ നഗരങ്ങളുമായി അതുവരെ പ്രബലസ്ഥിതിയിൽ നടന്നുകൊണ്ടിരുന്ന കച്ചവടം മാർഗ്ഗം മുഴുവൻ മഹാരണ്യമായപ്പോൾ ക്രമേണ നശിച്ചുതുടങ്ങി. ആകപ്പാടെ ഒരു വലിയ കലാപമായി.

അക്ബർ പ്രതാപസിംഹന്റെ കൌശലപ്രവൃത്തിയുടെ ഫലം മുഴുവൻ അപ്പോളാണ് സൂക്ഷ്മമായി മനസ്സിലാ

ക്കിയതു്. ചക്രവൎത്തിക്കു സാമാന്യത്തിലധികം വിസ്മയവും ക്രോധവുമുണ്ടായി 'ഈ കള്ളക്കുറുക്കനെപ്പിടിച്ചു കൂട്ടിലിടാഞ്ഞാൽ എന്റെ പേർ അൿബറല്ല' എന്നു് അദ്ദേഹം ശപഥംചെയ്തു് അതിലേക്കായി തന്റെ ശക്തിയെ മുഴുവൻ പ്രയോഗിച്ചു തുടങ്ങി. മഹാബുദ്ധിമാനും മഹാധനനുമായ അൿബർ പാദഷാ എവിടെ? മലയിടുക്കിൽ കേവലം ഒരു വന്യമൃഗത്തെപ്പോലെ താമസിക്കുന്ന പ്രതാപസിംഹനെവിടെ? രാജപുത്രന്മാർ ഐകമത്യത്തോടുകൂടിയവരായിരുന്നാൽ അവരെ ജയിക്കുന്നതു് അസാദ്ധ്യമാണെന്നു് അൿബൎക്കു നല്ലതുപോലെ അറിയാമായിരുന്നു. അതിനാൽ കഴിവുള്ള ഉപായങ്ങൾ എല്ലാം പ്രയോഗിച്ചു് അവരെ കീഴടക്കുന്നതിനാണു അദ്ദേഹം ശ്രമിച്ചതു്. പ്രതാപനൊഴികെയുള്ള രാജപുത്രനേതാക്കന്മാരെ തനിക്കു അധീനന്മാരാക്കുവാൻ അദ്ദേഹത്തിനു പല തന്ത്രങ്ങളുമുണ്ടായിരുന്നു. ശ്രേഷ്ഠന്മാരായ മഹമ്മദീയപ്രഭുക്കളെക്കൊണ്ടു ചിലരാജപുത്രകുടുംബങ്ങളിൽനിന്നു പത്നികളെ സ്വീകരിപ്പിച്ചു. ഉത്തമങ്ങളായ ചില രാജകുടുംബങ്ങളിൽ നിന്നു താനും പ്രണയിനികളെ സ്വീകരിച്ചു. താൻ പറയുന്നതുപോലെ കേൾക്കയും താനുമായി സംബന്ധമാകയും ചെയ്ത രാജപുത്രപ്രധാനികൾക്കു കണക്കില്ലാത്ത ദ്രവ്യവും സ്ഥാനമാനങ്ങളും രാജ്യവും വിട്ടുകൊടുത്തു. ചുരുക്കിപ്പറഞ്ഞാൽ ചതുരുപായങ്ങളെ പ്രയോഗിക്കുന്നതിൽ വിദഗ്ദ്ധനായിരുന്ന അൿബർ സകല രാജപുത്രശ്രേഷ്ഠന്മാരേയും തനിക്കു വശംവദന്മാരാക്കി. പ്രതാപനും മലകളിൽ താമസിക്കുന്ന അദ്ദേഹത്തിന്റെ ഏതാനും അനുചരന്മാരും മാത്രം ശത്രുക്കളായി

ശേഷിച്ചു. അവർ അങ്ങനെ തിരിഞ്ഞുനിന്നതിൽ വച്ച് അക്ബറേക്കാറം അധികം ദേഷവും ക്രോധവും അവരുടെ സജാതീയന്മാരായ അദ്ദേഹത്തിന്റെ പക്ഷപാതികൾക്കായിരുന്നു. അക്ബരുടെ മുമ്പാകെ മുട്ടുകുത്തിയവരിൽ പ്രധാനി അംബരദേശത്തിലെ രാജാവായ മാനസിംഹനായിരുന്നു. മാനസിംഹനോട്ട് അക്ബർ ഏതു നയം പ്രയോഗിച്ചെങ്കിലും പ്രതാപനെ വശീകരിക്കണമെന്ന് ആജ്ഞാപിച്ചു. ദക്ഷിണപഥത്തിൽ ഒരു യുദ്ധത്തിനു പോയി മടങ്ങിവരുന്ന അവസരത്തിൽ അദ്ദേഹം 'മഹാറാണാ' യുടെ അതിഥിയായി ഒരുദിവസം കുംഭമേരുവിൽ താമസിക്കണമെന്നു അപേക്ഷിച്ചു. അതിഥിസല്ക്കാരത്തേക്കാറം ഗൌരവമേറിയ ഒരു കൎത്തവ്യകൎമ്മം രാജപുത്രന്മാൎക്കില്ല. പ്രതാപൻ കുംഭമേരു വിട്ടു ഉദയപുരത്തിന്റെ പുരോഭാഗത്തുള്ള ഉദയസാഗരം എന്ന സരസ്സിന്റെ തീരത്തിൽ എത്തി. അവിടെ വലുതായ പന്തലുംമറവും ഉണ്ടാക്കി വിരുന്നിനു വേണ്ട വട്ടങ്ങളും കൂട്ടി തന്റെ മാന്യനായ അതിഥിയെ സ്വീകരിപ്പാൻ സന്നദ്ധനായി താമസിച്ചു. മാനസിംഹൻ അവിടെ എത്തിയപ്പോറം സന്ധ്യയായി. വിരുന്നിനു വേണ്ട വട്ടങ്ങറം ഒക്കെയും ഒരുക്കി പ്രതാപന്റെ പുത്രൻ അമരസിംഹൻ മാനസിംഹനെ ഭോജനശാലയിലേക്കു ക്ഷണിച്ചു. മാനസിംഹൻ അകത്തു കടന്നിട്ടും മഹാറാണായെ അവിടെയെങ്ങും കാണ്മാനില്ലായിരുന്നതിനാൽ ശങ്കിച്ച് അമരസിംഹനോടു ചോദിച്ചു.

മാന—അച്ഛൻ എവിടെ?

അമ—അച്ഛന്ന തലവേദനയാണ്. ഭോജനശാലയിൽ ഇഃപ്പോൾ വരുവാൻ സൌകര്യപ്പെടുകയില്ല.

മാന—(കുറെ ആലോചിച്ച്) അവിടുത്തെ തലവേദനയുടെ കാരണം എനിക്കു മനസ്സിലായി.

അമ—പിന്നെ എന്തിനാണു ചോദിച്ചത്?

മാന—അതെന്തെങ്കിലുമാകട്ടെ. നമുക്കെങ്കിലും ഒന്നിച്ചിരുന്നു ഭക്ഷിക്കാം.

അമ—അതിനും എനിക്കു വാദമില്ല.

മാനസിംഹൻെറ പ്രാണാഹുതി മാത്രം 'അപ്പോഴേക്കു കഴിഞ്ഞിരുന്നു. 'എന്നാൽ എനിക്കിനി് അത്താഴം വേണ്ട' എന്നു അദ്ദേഹം പറഞ്ഞു

അമ—അവിടുത്തേക്കു നല്ല വിശപ്പില്ലായിരിക്കും. ദേഹത്തിനു വല്ല അസ്വാസ്ഥ്യവുമുണ്ടെങ്കിൽ അറിയിച്ചാൽ ഇവിടെ നല്ല വൈദ്യന്മാരുണ്ട്.

മാനസിംഹൻ പരിഭ്രമവും ലജ്ജയുംകൊണ്ടു ഒന്നും പ്രത്യുത്തരം പറഞ്ഞില്ല. ഏതായാലും പ്രതാപനെക്കണ്ടു ചക്രവർത്തിയുടെ നിദേശത്തെ അറിയിക്കാതെ മടങ്ങുവാൻ അദ്ദേഹത്തിനു തരമുണ്ടായിരുന്നില്ല. അതുകൊണ്ടു അന്നു രാത്രിയിൽ അവിടെ താമസിച്ചു പിറേറന്നു കാലത്തു റാണായെക്കണ്ടാൽ കൊള്ളാമെന്നു വീണ്ടും അപേക്ഷിച്ചു. പ്രതാപൻ മാനസിംഹൻ താമസിക്കുന്ന കെട്ടിടത്തിൽ എത്തി. മാനസിംഹനാണു സംഭാഷണം ആരംഭിച്ചത്.

മാന—അതിഥിസൽക്കാരത്തിൽ ഏററവും പ്രതിപത്തിയുള്ള അവിടുന്നു എന്നോടു ഇങ്ങനെ കാണിക്കുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചില്ല.

പ്രതാ—വിരുന്നിനുള്ള ഒരുക്കങ്ങളിൽ ഒരു ലോപവും പാടില്ലെന്നു ഞാൻ പ്രത്യേകം ശട്ടംകെട്ടിയിരുന്നുവല്ലോ.

മാന—അതല്ല ഞാൻ അറിയിക്കുന്നതു്. അവിടുന്നു തലവേദന—

പ്രതാ—രാജ്യഭ്രംശം വന്നാൽ സൂൎയ്യവംശക്ഷത്രിയന്മാർ മഹമ്മദീയരെ തൊട്ടു ഭക്ഷിക്കണമെന്നു ശാസ്ത്രവിധിയില്ല.

മാന—അവിടുന്നു എന്നേയും മുസൽമാനായി ഗണിക്കുന്നുവോ?

പ്രതാ—പിന്നെ എങ്ങനെ ഗണിക്കണം? അക്ബർ ഒരു മാതിരി മുസൽമാൻ; മഹാബത്ഖാൻ മറെറാരു മാതിരി; മാനൻ മൂന്നാമത്തു ഒരു മാതിരി. എന്നല്ലാതെ നിങ്ങൾക്കു മൂന്നുപേൎക്കും തമ്മിൽ ഒരു വ്യത്യാസവും ഞാൻ കാണുന്നില്ല.

മഹാബത്ഖാൻ സഗരനെന്ന രാജപുത്ര പ്രമാണിയുടെ പുത്രനും മഹമ്മദീയ മതത്തിൽ ചേൎന്ന അക്ബരുടെ പ്രധാന സേനാനായകനായിത്തീൎന്നാലും അതുനിമിത്തം മാനസിംഹന് സാമാന്യത്തിലധികമായ ലജ്ജയും കോപവും ഉണ്ടായി. തന്റെ ഒരു സഹോദരി ഹുമയൂൺ പാദുഷായുടെ പത്നിയായിരുന്ന കഥയെ സൂചിപ്പിച്ചു് പ്രതാപൻ തന്നെ അപഹസിക്കുന്നതാണെന്നു അദ്ദേഹം വേഗത്തിൽ മനസ്സിലാക്കി വീണ്ടും പറഞ്ഞു.

മാന—ഞാൻ അക്ബറെ തൊട്ടു ഭക്ഷണം കഴിച്ചിട്ടില്ല.

പ്രതാ—അക്ബരുടെ ചിററമ്മയെ തൊട്ടോ? മാനന്റെ സഹോദരി?

'ഇനി ഞാൻ ഇവിടെ ഒരു നിമിഷം പോലും താമസിക്കുന്നതല്ല' എന്നു പറഞ്ഞു് മാനസിംഹൻ സാമാനങ്ങൾ ഒഴിച്ചുകൊണ്ടു വെളിയിലിറങ്ങി അദ്ദേഹം കാൺകെത്തന്നെ പ്രതാപൻ അദ്ദേഹം താമസിച്ച ഗൃഹം മുഴുവൻ തട്ടിനിരത്തി സാമാനങ്ങൾ സരസ്സിൽ കളഞ്ഞു് സ്ഥലം മുഴുവൻ കിളപ്പിച്ചു വൃത്തിയാക്കി ഗംഗാജലം തളിച്ചു മെഴുകിച്ചു താനും അനുചരന്മാരും വസ്ത്രംമാററി. മാനസിംഹൻ 'ഇതിനാണോ എതിരേല്പ് കായൽ കരയിൽ വച്ചാക്കിയതു്? എന്നു ചോദിച്ചു. പ്രതാപൻ 'അതേ എന്തു ചെയ്യാം? എനിക്കു സമുദ്രതീരത്തു് ഞാനും രാജ്യമുണ്ടായിരുന്നു എങ്കിൽ എതിരേല്പ് അവിടെ വച്ചാകുമായിരുന്നു' എന്നു മറുപടി പറഞ്ഞു. 'അവിടുന്നു് ചക്രവർത്തിയുടെമതത്തെ ധിക്കരിക്കുന്നതിനുള്ള ഫലം വേഗം അറിയാറാകും' എന്നു മാനസിംഹൻ വീണ്ടും പറഞ്ഞു. 'വിളിച്ചുകൊണ്ടു വാ നിന്റെ ചക്രവർത്തിയെ. കാണിച്ചു കൊടുക്കാം' എന്നായി പ്രതാപന്റെ അനുചരന്മാർ. മാനസിംഹൻ താൻ വന്ന കാര്യംകൂടി മറന്നു കോപാന്ധനായി അക്ബരുടെ സന്നിധിയെ പ്രാപിച്ചു പ്രതാപൻ ചക്രവർത്തിയേയും അദ്ദേഹത്തിന്റെ മതത്തേയും അധിക്ഷേപിച്ചു കഥമുഴുവൻ ഒന്നൊഴിയാതെ പൊടിപ്പും തൊങ്ങലുംവച്ചു അറിയിച്ചു. പ്രായേണ മനസ്സിനു ചാഞ്ചല്യമെന്നുള്ളതു ഒരിക്കലും ഉണ്ടാകാത്ത അക്ബർ അത്രയും കേട്ടപ്പോൾ സംഹാരരു

ദ്ധനെപ്പോലെ ക്രോധിച്ചു. 'ഹാ ഹാ! രാജദ്രോഹി: കാശി
ന പിടിയാത്ത കാട്ടു മൃഗം! കാന്ദിശീകത്വന്നം. അവനാ
ണോ ഡില്ലീപാദഷാവോടു കേറി ഒററവയ്ക്കുന്നതു. മശകം
മദയാനയോടു മാററുരച്ചു നോക്കുന്നുവോ? ആകട്ടെ ച
ക്രവത്തിയുടെ ദോർബലം എന്താണെന്നു ആ ഭ്രാന്തനെ അ
റിയിക്കുന്നുണ്ടു. എന്നു ശപഥം ചെയ്തു ഒരു മഹാശക്തിമ
ത്തായ സൈന്യത്തെ ശേഖരിച്ചു 'ഇങ്ങുവാ ഉണ്ണി സെലിം.
നീ ആ രാജദ്രോഹിയുടെ തല ഇന്നേക്കു ഒരു മാസത്തിന
കം നമ്മുടെ മുൻപാകെ കൊണ്ടുവന്നു കാഴ്ചവയ്ക്കണം എ
ന്നു പറഞ്ഞു അയച്ചു.

സെലിം പുറപ്പെട്ടു. അത്രവലുതായ ഒരു സൈന്യത്തെ
അക്ബർ അതിനുമുൻപു ആരുടെ നേക്കും അയച്ചിരുന്നി
ല്ല. കുംഭമേരു ഉദയസാഗരത്തിൽ താഴ്ത്തുന്നുണ്ടെന്നു് രാ
ജകുമാരൻ വീരവാദം ചെയ്തു. 'ഹല്ദിഗാട്ടാ, എന്ന മലയി
ടുക്കിൽ എത്തിയപ്പോഴം റാണാശത്രുസൈന്യത്തോടെതി
ൎത്തു. പ്രതാപൻ തന്റെ ചരിത്രപ്രസിദ്ധമായ ചൈതകം
എന്ന നീലക്കുതിരയുടെ പുറത്തു കയറി പിൻവശത്തു
വെൺകൊററക്കുടയും പിടിപ്പിച്ചു കൊണ്ടാണു് യുദ്ധം ആ
രംഭിച്ചതു്. സെലിം ഒരു അമ്പാരിയാനപ്പുറത്തു കയറിയി
രുന്നു. പ്രതാപൻ സെലിമിന്റെനേക്കു പാഞ്ഞു കുന്തം
കൊണ്ടു പാപ്പാനെ കുത്തിമലത്തി താഴെയിട്ടു. ചൈതകം
അതിന്റെ ഒരു കാൽ ആനയുടെ തലയ്ക്കുമീതെ പൊക്കി.
ആന പുറകോട്ടേയ്ക്കു ഓട്ടവും തുടങ്ങി. സെലിമിന്റെ അ
നുചരന്മാർ അതുകണ്ടു ആനയെ തടുത്തുനിറുത്തി വീണ്ടും

മുന്നണിയിലേക്ക് കൊണ്ടുവന്ന് പ്രതാപനെ വളഞ്ഞു. പ്രതാപനും ചൈതകത്തിനും അനവധി മുറിവുകൾ ദേഹത്തിൽ കൊണ്ടു. എന്നിട്ടും മുന്നണിയിൽ നിന്ന് നീങ്ങുന്നതിനൊ വെൺകൊററക്കുട മടക്കിക്കുന്നതിനോ ആ മാനധനൻ സന്നദ്ധനായിരുന്നില്ല. പക്ഷെ സെലിമിൻെറ പ്രളയസമുദ്രംപോലെയുള്ള സൈന്യത്തോടു പരമാണുപ്രായമായ രാജപുത്രസൈന്യം അധികനേരം എതിർത്തു നിൽക്കുന്നതിനു ശക്തമായിരുന്നില്ല. പ്രതാപൻെറ ഇരുപത്തിരായിരം അനുചരന്മാരിൽ പതിന്നാലായിരം പേർ മരിച്ചു വിജയം ഏതുകൂട്ടക്കാർക്കാണെന്നുള്ളതിനെപ്പററിയുള്ള സംശയം തീൎന്നു പ്രതാപന് ആ പതനത്തിൽ പലായനമല്ലാതെ ശരണമുണ്ടായിരുന്നില്ല. ചൈതകം ബാണംപോലെ പറക്കോട്ടുക്ക് പാഞ്ഞു 'പിൻതുടൎന്നു പിടിപ്പിനെടാ! തല കൊണ്ടുവരുന്നവനു അർദ്ധരാജ്യം' എന്നു സെലിം നിലവിളിച്ചു. മഹമ്മദീയരും രാജപുത്രന്മാരുമായി അനേകംപേർ പുറകെ പാഞ്ഞു. ചൈതകത്തിൻെറ ദേഹത്തിൽ നിന്നു രക്തം നിർഗ്ഗളമായി ഒഴുകിക്കൊണ്ടിരുന്നു. പ്രതാപൻ പാഞ്ഞ വഴികണ്ടുപിടിപ്പാൻ വേറെ അടയാളം വേണ്ടിയിരുന്നില്ല. നാലഞ്ചുനാഴിക കടന്നുചെന്നപ്പോൾ അത്യഗാധമായ ഒരു മലയിടുക്കിൽകൂടി ഒരു വിസ്തീൎണ്ണമായ അരുവി പ്രവഹിക്കുന്നു. ചൈതകം ലക്ഷ്യംകൂടാതെ തൻെറ സ്വാമിയേയുംകൊണ്ടു മറുകരയ്ക്കു ചാടി. ശത്രുക്കൾ അരുവി കടപ്പാൻ വഴികാണാതെ പിൻവശത്തു നിലയുമായി. അപ്പോൾ പ്രതാപൻ തൻെറ കുതിര വല്ലാതെ കിതയ്ക്കുന്നതു കണ്ടു താഴെയിറങ്ങിനോക്കി. സാധു ചൈതകം

ഉഛ്വാസം വലിയ്ക്കുകയായിരുന്നു. പ്രതാപൻ അതിനെ തഴുകിത്തലോടിക്കൊണ്ടു 'ഭ്രാതാവെ! നിന്റെ കഥ ഇങ്ങനെയായല്ലോ' എന്നു പറഞ്ഞു് അതിന്റെ മു[ഖ]ത്തിന്മേൽ അശ്രുവർഷം പൊഴിച്ചു അപ്പോൾ 'നീലകണ്ഠതിരക്കാരാ! എന്തു പറഞ്ഞു? അവിടെ നിൽക്കു' എന്നൊരു ശബ്ദം കാട്ടിനിടയിൽനിന്നു് അദ്ദേഹത്തിനു കേൾക്കാറായി. തന്റെ വധത്തിനായി ശത്രുക്കളിൽ ഒരാൾ വരികയാണെന്നു കരുതി പ്രതാപൻ വാൾ ഉറയിൽനിന്നു ഊരി. മുൻവശത്തു കണ്ടതു തന്റെ സാക്ഷാൽ ഭ്രാതാവായ ശക്തനെത്തന്നെ ആയിരുന്നു.

ഈ ശക്തൻ മാനസിംഹനെപ്പോലെ അക്ബറാൽ വശീകരിക്കപ്പെട്ട ഒരു രാജപുത്രപ്രമാണിയായിരുന്നു. ഹലദിഗാട്ടിലെ യുദ്ധത്തിൽവച്ചു് അദ്ദേഹം ജ്യേഷ്ഠന്റെ ധൈര്യവും സ്വാതന്ത്ര്യപരിത്യാഗവും മനസ്താപവും കണ്ടു കേവലം അപഹൃതചിത്തവൃത്തിയായിപ്പോയി. പ്രതാപന്റെ തല കൊണ്ടുവരുന്നവനു അൎദ്ധരാജ്യമെന്നു സെലിം ഒടുവിൽ പറഞ്ഞപ്പോൾ ശക്തനും കൂടി അശ്വാരൂഢനായി പുറഞ്ഞതു ജ്യേഷ്ഠനെ ശത്രുക്കളിൽനിന്നു രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമായിരുന്നു. വഴിയിൽ കണ്ട ചക്രവൎത്തിഭടന്മാരെ ഒന്നൊന്നായി വെട്ടിക്കൊന്നുംവച്ചു താൻ ജ്യേഷ്ഠന്റെ മുൻപാകെ എത്തിയതാണെന്നും ജ്യേഷ്ഠനെ പിന്തുടരുന്ന ശത്രുക്കൾ വേറെ ആരുമില്ലായിരുന്നു എന്നും പറഞ്ഞു ശക്തൻ പ്രതാപന്റെ കാൽക്കൽവീണു കീഴ്ക്കട താൻ പ്രവൎത്തിച്ചിട്ടുള്ള അപരാധങ്ങൾ എല്ലാം ക്ഷമി

ക്കണമെന്നു പ്രാൎത്ഥിച്ചു തന്റെ കുതിരയിൽ കയററി ജ്യേഷ്ഠനെ അയച്ചു.ംവച്ചു ശക്തൻ താൻ വെട്ടിക്കൊന്ന ഒരു ഭടന്റെ കുതിരയിൽ കയറി തിരിയെ സെലിമിന്റെ ശിബിരത്തിൽ ചെന്നുചേൻ. സെലിം ചോദിച്ചു,

സെലിം—പ്രതാപന്റെ തല എവിടെ?

ശക്ത—(മന്ദഹാസത്തോടുകൂടി) പ്രതാപൻ എല്ലാം ഭടന്മാരേയും കൊന്നു് എന്റെ കുതിരയെ കുത്തിവീഴ്ത്തി. അതാണു ഞാൻ മറെറാരു കുതിരയിൽ കയറി തിരിയെ വന്നതു്.

സെലിം—ശക്താ! അങ്ങയുടെ മുഖംതന്നെ ഇതു കളവാണെന്നു പറയുന്നുവല്ലോ. വിരോധമില്ല; സത്യം പറയൂ; ഞാൻ മാപ്പുതരാം.

ശക്തൻ സത്യം മുഴവൻ പറഞ്ഞു.

സെലിം—അങ്ങു ചെയ്തതു ശരിയാണു്. എനിക്കു ഇങ്ങനെ ഒരു ജ്യേഷ്ഠനുണ്ടായിരുന്നുവെങ്കിൽ ഞാനും ഇങ്ങനെ തന്നെ ചെയ്യുമായിരുന്നു. എന്നാൽ അച്ഛൻ അറിഞ്ഞാൽ അങ്ങേയപ്പററി കോപിക്കുമെന്നുള്ളതിനാൽ ഇനി ഞങ്ങളോടുകൂടി താമസിക്കരുതു്.

ശക്തൻ വീണ്ടും പ്രതാപനോടുകൂടിച്ചേൻ. സെലിം തിരിയെ ഡില്ലിയിലേയ്ക്കു പോകയുംചെയ്തു. അക്ബർ പ്രതാപനെ ബന്ധനസ്ഥനാക്കുവാൻ പല പ്രയത്നങ്ങളും വീണ്ടും ചെയ്തുതുടങ്ങി. പ്രതാപനു് ഒരുനേരം തികച്ചു് ഒരു സ്ഥലത്തു താമസിപ്പാൻ പാടില്ലെന്നായി. കുന്നിലും കുഴിയിലും കാട്ടിലും മലയിലും പാറയിലും പടപ്പിലും എങ്ങും

ശത്രുഭടന്മാർ നിരന്നുനിറഞ്ഞു. ഉദയപുരവും കുംഭമേരുവും എല്ലാം ശത്രുക്കൾക്കു അധീനമായി. താൻ ഉടുത്ത വസ്ത്രത്തെക്കൂടി തനിക്കു ശങ്കിക്കണമെന്നുള്ള നിലയിൽ അക്ബർ ദാനോപായം പ്രയോഗിച്ചു പ്രതാപന്റെ അനുചരന്മാരെ ഒന്നൊഴിയാതെ വശീകരിച്ചു. മഹാരണ്യങ്ങളുടെ അന്തർഭാഗം മാത്രം റാണായ്ക്കു ആധാരമായി കടുവാ പുലി മുതലായ ദുഷ്ടമൃഗങ്ങളുടെ ഇടയിലാണു പ്രതാപന്റെ കുമാരന്മാർ വളൎന്നതു്; എങ്കിലും അവിടെയും ധൎമ്മപുത്രരെപ്പോലെ സ്വധൎമ്മത്തെ പരിപാലിച്ചുകൊണ്ടു ആ ക്ഷത്രിയവീരൻ കഴിച്ചുകൂട്ടി.

ഒരു ദിവസം ആഹാരത്തിനു യാതൊരു സാധനവും റാണായ്ക്കും കുടുംബത്തിനും കയ്യിലുണ്ടായിരുന്നില്ല. കാട്ടുകിഴങ്ങു അരച്ചു പലഹാരമുണ്ടാക്കുവാൻ അദ്ദേഹത്തിന്റെ ധൎമ്മപത്നി തുടങ്ങുമ്പോൾ അടുത്തു ശത്രുഭടന്മാർ എത്തിക്കഴിയും. അവിടെനിന്നു ഓടി മറഞ്ഞു മറ്റൊരു സ്ഥലത്തെത്തി അവിടെയും അതുപോലെ തുടങ്ങും. പിന്നെയും ഓട്ടം. ഇങ്ങനെ അഞ്ചു സ്ഥലങ്ങളിൽ നിന്നു ഓടി ആറാമത്തെ സ്ഥലത്തെത്തി. നേരം സന്ധ്യയായി കുട്ടികൾ വിശന്നു പൊരിഞ്ഞു കരയുന്നു. പട്ടമഹിഷി വീണ്ടും പാചകപ്രവൃത്തി തുടങ്ങി. ഒരു വിധം കുറെ പലഹാരം ഉണ്ടാക്കി അതിൽ പകുതി പിറ്റേദിവസത്തേക്കു വച്ചുകൊണ്ടു ബാക്കി കുട്ടികൾക്കു കൊടുത്തു. തിരിഞ്ഞു നോക്കിയപ്പോൾ പിറ്റേദിവസത്തേക്കു സൂക്ഷിച്ചുവച്ചിരുന്ന പലഹാരം മുഴുവൻ ഒരു കാട്ടുപൂച്ച കടന്നു തിന്നുകഴിഞ്ഞിരുന്നു. കുട്ടികൾ വിക്കിവിക്കിക്കരഞ്ഞു. പ്രതാപന്റെ മനസ്സു് ഉരുകിപ്പോയി.

ഈ കാൎയ്യം അദ്ദേഹത്തിന്റെ മൎമ്മങ്ങളെ ഭേദിച്ചു. കാന്ദിശീകന്റെ നേൎക്ക് അന്തരത്തിലുള്ള കാഠിന്യം കഷ്ടമാണെന്നും ചക്രവൎത്തി ധൎമ്മയുദ്ധം നടത്തിയാൽ നന്നായിരിക്കുമെന്നും അക്ബൎക്ക് എഴുതി. അക്ബറാകട്ടെ ഈ എഴുത്തു പ്രതാപന് കീഴടങ്ങുന്നതിനുള്ള ഒരു അടയാളമാണെന്നു കരുതി സാമ്രാജ്യം മുഴുവൻ പല ആഘോഷങ്ങളും നടത്തുവാൻ ആരംഭിച്ചു. അപ്പോൾ പൃഥു എന്ന ഒരു രാജപുത്ര പ്രമാണി അക്ബറോടു ആ എഴുത്തു പ്രതാപസിംഹന്റെതാകാൻ തരമില്ലെന്നും അദ്ദേഹം ചക്രവൎത്തിയുടെ കിരീടമൊഴികെപോലും മറെറാരുത്തനെ വണങ്ങുന്നതല്ലെന്നും വാദിച്ചു. അങ്ങിനെയാണെങ്കിൽ പൃഥു ചക്രവൎത്തിയുടെ പ്രതിനിധിയായി പോയി പ്രതാപനെ കാണണമെന്നും പ്രതാപൻ കീഴടങ്ങുന്നപക്ഷം ചിററൂർ രാജധാനി മാത്രമല്ല അദ്ദേഹത്തിന്റെ പൂൎവ്വികന്മാരും അദ്ദേഹവും ഭരിച്ചുകൊണ്ടിരുന്ന രാജ്യങ്ങൾ മുഴുവൻ വിട്ടുകൊടുക്കുന്നതു കൂടാതെ പല ഉന്നതസ്ഥാനമാനങ്ങളും അദ്ദേഹത്തിനു സമ്മാനിക്കുന്നതാണെന്നും അക്ബർ പറഞ്ഞു. പൃഥു ചെന്നു ചക്രവൎത്തിയുടെ സന്ദേശം പ്രതാപനെ അറിയിച്ചതോടുകൂടി അദ്ദേഹം ഒരിക്കലും ശത്രുവിനെ കീഴടങ്ങുകില്ലെന്നുകൂടി ഉൽഘോഷിച്ചു. പ്രതാപൻ പിന്നെയും അക്ബരുടെ ഉപദ്രവം സഹിപ്പാൻ പാടില്ലാതെ തീൎന്നതിനാൽ സിന്ധുനദീതീരത്തിലെങ്ങാനും ചെന്നു പുതുതായി ഒരു രാജ്യം സ്ഥാപിച്ചു അവിടെ പാൎത്തുകളയാമെന്നു ആലോചിച്ചു. അപ്പോൾ സാംഗന്റെ പ്രധാനമന്ത്രിയായിരുന്ന ഭാമൻ തന്റെ കുടുംബംവക സ്വത്തു മുഴുവൻ പ്രതാപന്റെ ആവശ്യങ്ങൾക്കായി നീക്കിവപ്പാൻ

സന്നദ്ധനായിരിക്കുന്നു എന്നും ആ സ്വത്തുകൊണ്ടു ഇരുപത്തഞ്ചായിരം ഭടന്മാരെ പന്ത്രണ്ടുകൊല്ലത്തേക്കു് പോററുവാൻ കഴിയുന്നതാണെന്നും കാണിച്ചു് ഒരെഴുത്തു അദ്ദേഹത്തിന്നു എഴുതി. ദൈവം നിർദ്ദയനല്ല എന്നു പറഞ്ഞുകൊണ്ടു റാണാ ചാടി എഴുന്നേററു ആ പണം വരുത്തി അതുകൊണ്ടു ഒരു സൈന്യത്തെ ശേഖരിച്ചു ചിറേറാർ ഒഴികെ അക്ബർ തന്നിൽനിന്നു അപഹരിച്ചു രാജ്യങ്ങൾ മുഴുവൻ വീണ്ടെടുത്തു.

പ്രതാപന്നു സ്വല്പംകൂടി ആയുർബലമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ചിറേറാറും കീഴടക്കുമായിരുന്നു. എന്നാൽ അതിന്നുമുമ്പു കാലധർമ്മം പ്രാപിപ്പാനായിരുന്നു അദ്ദേഹത്തിന്നു വിധി. ആസന്നമരണനായി കിടന്നപ്പോൾ ഒരു ദിവസം അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നു അശ്രുധാര അവിച്ഛിന്നമായി പ്രവഹിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്തന്മാരായ രാജപുത്രപ്രമാണികൾ അതിന്നുള്ള കാരണം ചോദിച്ചു

പ്രതാ—ശത്രുവിന്നു് കീഴടങ്ങുകയില്ലെന്നു നിങ്ങൾ എന്നോട്ട് പ്രതിജ്ഞചെയ്താൽ എന്റെ ആത്മാവിന്നു സമാധാനം ഉണ്ടാകും. അമരനെപ്പററി എനിക്കു വിശ്വാസം പോരാ. ഞങ്ങളുടെ വനവാസകാലത്തു ഞങ്ങൾ ഒരിക്കൽ ഒരു കുടിലിൽ പാർത്തിരുന്നു. അമരൻ കുനിയാതെ അകത്തു കേറി. ഒരു മുളങ്കമ്പു് അവന്റെ തലപ്പാവിൽ കൊണ്ടു തലപ്പാവു കീറിപ്പോയി. സഹോദരന്മാരെ! കുട്ടികളേ! നിങ്ങൾ ഒരിക്കലും ഭോഗേച്ഛുക്കളാകരുതേ, എല്ലാ കഷ്ടപ്പാടുകളും ധൈര്യത്തോടുകൂടി സഹിക്കേണമേ എന്നു പറഞ്ഞുകൊണ്ടു ആ മഹാനുഭാവൻ പരഗതിയെ പ്രാപിച്ചു.

---

# സ്വാമിഭക്തി.

അറംഗസീബ് തന്റെ പിതാവായ ഷാജിഹാനെ ബന്ധനസ്ഥനാക്കി ഡില്ലി ചക്രവൎത്തിയായിത്തീൎന്നപ്പോൾ രാജസ്ഥാനത്തിലെ മറെറാരു പ്രധാനരാജ്യമായ മാൎവ്വാർ ഭരിച്ചുവന്നതു യശോവന്തസിംഹനായിരുന്നു. ഈ യശോവന്തസിംഹൻ മഹാശൂരനും മഹാബലശാലിയുമായ ഒരു യോദ്ധാവായിരുന്നതിനാൽ ഷാജിഹാൻ അദ്ദേഹത്തെ തന്റെ പ്രധാനസേനാപതിയായി നിയമിച്ചിരുന്നു. ആനിലയിൽ അദ്ദേഹത്തിനു ഷാജിഹാന്റെ സീമന്തപുത്രനായ ഡാറായുടെ പാൎശ്വത്തിൽനിന്നുകൊണ്ടു് അറംഗസീബിനോടു യുദ്ധംചെയ്യേണ്ടതായി നേരിട്ടു. അറംഗസീബിനു യശോവന്തന്റെ പരാക്രമത്തേയും ജനസ്വാധീനതയേയുംമററും പററി ഭയമുണ്ടായിരുന്നതിനാൽ താൻ ചക്രവൎത്തിപദത്തെ ആരോഹണംചെയ്തിട്ടും അദ്ദേഹത്തെ സേനാപതിസ്ഥാനത്തിൽനിന്നും മാററിയില്ല. എന്നാൽ യാതൊരിക്കലും തന്നെ അവൎക്കു് അന്യോന്യം വിശ്വാസമുണ്ടായിരുന്നില്ല. അറംഗസീബ് താൻ ഹിന്ദുക്കൾക്കു ദോഷകരമായി നികുതികളുംമററും ഏൎപ്പെടുത്തിയപ്പോൾ യശോവന്തനെ പൂൎവ്വാധികം ശങ്കിക്കയും ഭയപ്പെടുകയും ചെയ്തു. ‘ഒടുവിൽ ‘വല്ല മലമ്പനിയൊ മറേറാ പിടിച്ചെങ്കിലും ശല്യം തുലഞ്ഞാൽ മതി’ എന്നു പറഞ്ഞുംകൊണ്ടു പാദഷാ അദ്ദേഹത്തെ ആഫ്ഗാനിസ്ഥാനിലെ ഗവൎണ്ണരാക്കി കാബൂളിലേയ്ക്കു പറഞ്ഞയച്ചു. യശോവന്തൻ തന്റെ സീമന്തപുത്രനായ പൃഥ്വസിംഹനെ

മാവാറിൽ പ്രജാപരിപാലനത്തിനായി നിയോഗിച്ചുംവച്ചു കുടുംബസമേതനായി കാബൂളിലേയ്ക്കു പോയി.

പൃഥ്വസിംഹനെ ചക്രവത്തി ഉടൻതന്നെ ഡില്ലിയിലേയ്ക്കു ക്ഷണിച്ചുവരുത്തി. രാജകുമാരൻെറ രണ്ടു കൈകളും ചേത്തുപിടിച്ചുകൊണ്ടു 'കുട്ടി! കുട്ടിയുടെ കൈകൾക്കു അച്ഛൻെറതുപോലെ വിറയലുണ്ടെന്നു നാം കേട്ടിട്ടുണ്ടു്. അതുണ്ടോ എന്നു പരീക്ഷിക്കാനാണു പിടിച്ചതു്' എന്നു ഔരംഗസീബ് പറഞ്ഞു. അതിനു പൃഥ്വ 'എന്തു വിറയലാണു്? ചക്രവത്തി വാത്സല്യത്തോടുകൂടി കൈകൊടുക്കുന്നവനു ഭയത്തിനുണ്ടോ അവകാശം?' എന്നു മറുപടിപറഞ്ഞു. ചക്രവത്തി അതുകേട്ടു സന്തോഷത്തെ നടിച്ചു് 'സേവകാ! ഇന്നലെ ആസിം കുമാരനായി തയ്യിച്ചുവരുത്തിയ ആ നീരാളയുടുപ്പു് ഇവിടെ കൊണ്ടുവാ' എന്നു കല്പിച്ചു. അതു സേവകൻ കൊണ്ടുവന്നപ്പോൾ പൃഥ്വസിംഹനെ ആലിംഗനംചെയ്തു് ആ കഞ്ചുകത്തെ താൻതന്നെ ആ രാജകുമാരനെ ധരിപ്പിച്ചു. പൃഥ്വസിംഹൻ സന്തുഷ്ടനായി ഗൃഹത്തിലേയ്ക്കു മടങ്ങി. പാദഷായുടെ സന്നിധിയിൽ നിന്നു പിരിഞ്ഞ ഉടൻതന്നെ രാജകുമാരനു ദേഹം അത്രയും ഒരു ചുകച്ചിൽപോലെ തോന്നി. ചീക്കട്ടവാരിയെടുത്തു് തേച്ചാൽ ഉണ്ടാകുന്ന നീററൽ അദ്ദേഹത്തിനു് ഉടൽ മുഴുവൻ ഉണ്ടായി. ആ കഞ്ചുകം രാജകുമാരൻെറ വധത്തിനായി ചക്രവത്തി പ്രത്യേകസമ്പ്രദായത്തിൽ തീപ്പിച്ചു് മുൻകൂട്ടി വരുത്തിവച്ചിരുന്ന ഒരു ഭയങ്കരമായ വിഷകഞ്ചുകമായിരുന്നു. ഉടുപ്പു് വല്ലവിധത്തിലും അഴിച്ചുവച്ചു. എന്നിട്ടും നീററലിനു

ഒരു ശമനവും, കണ്ടില്ല. വിഷം അതിനകമായി ദേഹത്തിൻെറ അന്തർഭാഗത്തിലേക്ക് കടന്നു കഴിഞ്ഞിരുന്നു. ആ സാധുവിൻെറ കഥ അഗ്നിപ്രവേശം ചെയ്താൽ എന്നമാതിരി നിമിഷത്തിൽ കഴിഞ്ഞു.

ഈ വർത്തമാനം കാബൂളിൽ എത്തിയപ്പോൾ യശോവന്തൻ എത്രമാത്രം വ്യസനിച്ചു എന്നു പറയേണ്ടതില്ലല്ലോ. അതോടുകൂടി മലമ്പനി പിടിച്ച് അദ്ദേഹത്തിൻെറ മററു രണ്ടു പുത്രന്മാരും അവിടെവച്ചുതന്നെ മരിച്ചു. ആധി വ്യാധിക്ക് അടിമപ്പെട്ട് ധീരോദാത്തനായ യശോവന്തസിംഹനും കഥാശേഷനായി

മാർവാർ അനാഥപ്രായമായി. യശോവന്തൻെറ ഒരു ധർമ്മപത്നി അപ്പോൾ ഗർഭം ധരിച്ചിരുന്നു. ഗർഭം ഏഴുമാസമായി. കിരീടാവകാശിയായ ഒരു രാജകുമാരനെ ആ റാണി പ്രസവിക്കുമെന്നായിരുന്നു രാജപുത്രന്മാരുടെ പ്രത്യാശ. അതുപോലെ ഗർഭം പൂർണ്ണമായപ്പോൾ ആ സ്ത്രീരത്നം അജിതൻ എന്ന നാമധേയത്തിൽ ലക്ഷണയുക്തനായ ഒരു പുരുഷപ്രജയെ പ്രസവിച്ചു. ആ കുമാരനേയും റാണിയേയും അനുയായികളെയും കൂട്ടിക്കൊണ്ട് യശോവന്തൻെറ മുഖ്യസേനാപതിയായ ദുർഗ്ഗാദാസൻ കാബൂളിൽ നിന്ന് മാർവാറിലേക്ക് പുറപ്പെട്ടു. അവർക്ക് ഡില്ലീമാർഗ്ഗമായാണ് നാട്ടിലേക്കു മടങ്ങേണ്ടിയിരുന്നത്. ഡില്ലിയിൽ എത്തിയപ്പോൾ അറംഗസീബ് അജിതനെ താൻ മുറയ്ക്കു വളർത്തിക്കൊള്ളാമെന്നും അതിലേയ്ക്കായി ആ ശിശുവിനെ തന്നെ ഏല്പിക്കണമെന്നും ദുർഗ്ഗാദാസനോടു പറഞ്ഞയച്ചു. രാജപുത്രന്മാർ ചക്രവർത്തി പ്രകൃത്യാ ദുഷ്ടനും ക്രൂരനുമാണെങ്കിലും അദ്ദേഹ

ത്തിൻെറ ദൌഷ്ട്യവും ക്രൌൎയ്യവും ശിശുഹത്യക്ക് ഒരുമ്പെട
ത്തക്കവണ്ണം അത്രമേൽ കവിഞ്ഞതാണെന്നു ഒരിക്കലും ധ
രിച്ചിരുന്നില്ല. കട്ടവായുടെ ഗുഹയിൽ—ചോരാ വായ്ക്കക
ളു്—ആണു തങ്ങൾ അപ്പോൾ കയറിയിരിക്കുന്നതെന്നും
പറയുന്നതു കേട്ടില്ലെങ്കിൽ കേൾപ്പിപ്പാനുള്ള ശക്തി ഔ
റംഗസീബിനുണ്ടെന്നും അവൎക്ക് നല്ലപോലെ അറിയാമാ
യിരുന്നു. കാൎയ്യം അങ്ങനെയെല്ലാമിരുന്നിട്ടും ധീരനായ ദു
ൎഗ്ഗാദാസൻ കലുങ്ങിയില്ല. ആ വിദ്യ കഴിച്ച ബാക്കി വല്ല
തുമുണ്ടെങ്കിൽ അതു മാത്രമേ തന്നോടു പറവു എന്നും ത
ൻെറ ജീവനുള്ള കാലത്തോളം അജിതനെ ചക്രവൎത്തിക്കു
കാണ്മാൻകൂടി സാധിക്കുന്നതല്ലെന്നും അദ്ദേഹം മറുപടി അ
യച്ചു. ഔറംഗസീബ് നല്ലവാക്കു പറഞ്ഞു; ഗുണദോഷി
ച്ചു; ഒന്നിനുംതന്നെ രാജപുത്രപ്രമാണി വശപ്പെട്ടില്ല. ഒടു
വിൽ പാദഷാ അദ്ദേഹത്തെ വിളിച്ചുവരുത്തി 'അങ്ങ് ഒരു
മഹാ ബുദ്ധിഹീനനും വിചാരശൂന്യനുമാണെന്നു ഞാൻ വി
ചാരിക്കുന്നു. നാലുവശവും സൂക്ഷിച്ചു നോക്കിയോ? നിങ്ങ
ളെ എൻെറ ഭടന്മാർ ഇതിനു മുൻപുതന്നെ വളഞ്ഞുകഴി
ഞ്ഞിരിക്കുന്നു. ഇതെന്തു മൌഢ്യസൂചകമായ ദുശ്ശൌൎയ്യമാ
ണു്! കുട്ടിയെ രക്ഷിപ്പാൻ നിങ്ങളെക്കൊണ്ടു പററുകയില്ല.
മാനഭംഗവും മരണവും മാത്രം ഫലം. കുട്ടിയെ വിട്ടുത
ന്നാൽ നിൎബ്ബാധമായി മാർവ്വാറിലേയ്ക്കു മടങ്ങാം. ദുൎഗ്ഗാദാ
സനെത്തന്നെ ഞാൻ അവിടത്തെ രാജാവായി അഭിഷേ
കംചെയ്യാം. ഏതിനും ഞാൻ തയാറാണു്. എന്തു വരം
വേണമെങ്കിൽ ഈ കാൎയ്യത്തിനു പ്രതിഫലമായി ചോദി

കുന്നതിൽ വിരോധമില്ല എന്നു പറഞ്ഞു. ദുർഗ്ഗാദാസന്റെ കണ്ണുകൾ ക്രോധംകൊണ്ടു ചുവന്നു. പുരികം വളച്ച് അധരത്തിന്മേൽ പല്ലുകൾ അമർത്തിക്കൊണ്ടു ദീർഘശ്വാസംവിട്ട് അദ്ദേഹം പ്രത്യുത്തരം പറഞ്ഞു "പ്രഭോ! അവിടുന്ന് ഈ ദുർഗ്ഗാദാസനെ ആരെന്നാണു വിചാരിച്ചതു്? രാജപുത്രന്മാൎക്ക് ഇപ്പോൾ അവരുടെ പുരോഗാമികളുടെ മനോധൈൎയ്യവും കൃത്യനിഷ്ഠയുമില്ലെന്നു ഞാൻ പൂൎണ്ണമായി സമ്മതിക്കാം. എന്നാൽ അവിടെയുമിവിടെയുമായി അവരുടെ ഇടയിലും ചില ആണുങ്ങൾ കിടന്നേക്കുമെന്ന് അവിടുന്ന് അറിയാതെപോയതിൽ ഞാൻ അത്ഭുതപ്പെടുന്നു. ബുദ്ധിഹീനനും വിചാരശൂന്യനും ആരാണെന്നു് അവിടുന്നുതന്നെ ഓൎത്തുനോക്കണം. അവിടുന്ന് ഒരു പ്രത്യക്ഷദൈവത്തെപ്പോലെ എന്തു വരം വേണമെന്ന് എന്നോടു ചോദിച്ചു. ആ അനുഗ്രഹപ്പാടിനു ഞാൻ കൃതജ്ഞനായിരിക്കുന്നു. എനിക്ക് ഒരപേക്ഷ മാത്രമേയുള്ളു. അതു് അജിതകുമാരനെ ധരിപ്പിപ്പാൻ അവിടുന്ന് ഉണ്ടാക്കിവച്ചിട്ടുള്ള കൊച്ചു നാരാളുവട്ടപ്പ് ഒന്നു കാണണമെന്നുള്ളതു മാത്രമാണ്". ഔരംഗസീബ് കൈവാൾ ഉറയിൽനിന്ന് ഊരി. ദുർഗ്ഗാദാസനും ഊരി. ചക്രവർത്തി പിന്മാറി 'നാം തമ്മിൽ ഏതായാലും കൊട്ടാരത്തിനകത്തുവച്ച് ഒരു പോരാട്ടം വേണ്ട' എന്നു പറഞ്ഞു. 'ശരി എന്നാൽ അതു വെളിയിൽവച്ചു ആയിക്കൊള്ളട്ടെ' എന്നുപറഞ്ഞു രാജപുത്രപ്രമാണി അദ്ദേഹത്തെ വിട്ടുപിരിഞ്ഞു.

വാസ്തവത്തിൽ ദുർഗ്ഗാദാസന്റെയും അനുയായികളുടേയും സ്ഥിതി ദയനീയം തന്നെയായിരുന്നു. നാലുവശത്തും

അവരെ ഭയങ്കരമായ ശത്രുസൈന്യം വളഞ്ഞിരുന്നു. അവർ തങ്ങളെല്ലാക്കൊല്ലും; റാണി മുതലായ അബലകളെ അവമാനിക്കും; അജിതനെ കൊണ്ടുപോകും; ഇത്രയും കാണ്മാൻ ആർക്കും യാതൊരു ദീർഘദർശിത്വവും ആവശ്യകമായിരുന്നില്ല. ഒരു നിവൃത്തിമാർഗ്ഗവും കാണാതെ ദുർഗ്ഗാദാസൻ വിഷമിച്ചുകൊണ്ടു നിന്നപ്പോൾ 'മിഠായി വേണോ മിഠായി' എന്നു ചോദിച്ചുകൊണ്ട് ഒരു വൃദ്ധമഹമ്മദീയ വ്യാപാരി ഒരു വലിയ വട്ടിനിറച്ച മിഠായിയുമായി അദ്ദേഹത്തിന്റെ അടുക്കൽ വന്നുചേർന്നു. സേനാപതിക്ക് ആ വ്യാപാരിയെ കണ്ടപ്പോൾ അനിർവചനീയമായ സന്തോഷവും അവനു ദുർഗ്ഗാദാസന്റെമേൽ കരുണയും തോന്നി. 'പ്രഭോ എന്താണ് ഇങ്ങനെ മുഖം വാടിക്കാണുന്നത്' എന്നു മിഠായിവ്യാപാരി ചോദിച്ചപ്പോൾ ദുർഗ്ഗാദാസൻ അവനോട് അരംഗസീബിന്റെ നിഷ്ഠുരമായ നിശ്ചയത്തിന്റെ കഥ പറഞ്ഞുകേൾപ്പിച്ചു. 'പൊന്നുടയതിനെ അടിയൻ രക്ഷിക്കാം' എന്ന് അവർ ഏറ്റുപറഞ്ഞു. ദുർഗ്ഗാദാസന് ആ വയോവൃദ്ധന്റെ വാക്കിൽ പൂർണ്ണവിശ്വാസം തോന്നി. അജിതനെ എടുത്ത് അവനെ ഏല്പിച്ചു. അവൻ ഒരുവിധം ശിശുവിനെ മിഠായിവട്ടിക്കകത്തടുത്തുവച്ചു മേൽമൂടിക്കൊണ്ടു പൊതിഞ്ഞു സൈന്യത്തിന്റെ മദ്ധ്യത്തിൽക്കൂടി വെളിയിലേയ്ക്കു കടപ്പാൻ ഭാവിച്ചു.

'ആ കാഫ്രന്മാർ എത്ര പണത്തിനു മിഠായി വാങ്ങിച്ചു' എന്ന് ഒരു ഭടൻ ചോദിച്ചു.

'ഒട്ടും വാങ്ങിച്ചില്ല അപ്പനെ' എന്നായി വ്യാപാരി.

‘ഇന്നു വാങ്ങിക്കാഞ്ഞാൽ പിന്നെ ഇനി അവർ എന്നു വാങ്ങിക്കും? ഇതാണു പടച്ചവൻ അവൎക്കു വച്ചിട്ടുള്ള ഒടുവിലത്തെ ദിവസം’ എന്നു മറെറാരു ഭടൻ പറഞ്ഞു.

‘ഒന്നും വിററില്ലയോ കാക്കാ? വട്ടിയൊന്നു നേരേ കണ്ടോട്ടെ’ എന്നായി മൂന്നാമത്തൊരു ഭടൻ.

അപ്പോൾ അതിലെ കടന്നുപോയ ഒരു പട്ടാളനായ്ക്കൻ ‘തൊണ്ണൂറു തികഞ്ഞ കാക്കായേ ഇട്ടു വട്ടത്തിലാക്കുന്നതെന്തിനാടാ പിള്ളേരെ! അങ്ങോരു കടന്നുപോകട്ടെ അങ്ങോരുടെ പാട്ടിനു്, പാവം. പച്ചപ്പാവം’ എന്നു പറഞ്ഞു ആ ഭടന്മാരെ ശാസിച്ചു. വ്യാപാരി പത്തുകെട്ട ക്കൂട്ടിൽ കിടന്നു പിടയ്ക്കുന്ന ജീവനോടുകൂടി ഒരുവിധം കോട്ടയ്ക്കു വെളിയിലുമായി.

അപ്പോഴേയ്ക്കും ദുൎഗ്ഗാദാസർ രാജപുത്രന്മാരുടെ പതിവനുസരിച്ചു സ്ത്രീകളെയെല്ലാം വെടിമരുന്നു കിടന്നിരുന്ന ഒരു പുരയ്ക്കകത്തിട്ടടച്ചു് തീകൊളുത്തി ഭസ്മമാക്കിയതിന്റെ ശേഷം കുതിരപ്പുറത്തു കയറി ‘വരുവിനെടാ വരുന്നവർ’ എന്നു പറഞ്ഞു ഇടവും വലവും കുന്തവും വാളുംകൊണ്ടു് കുത്തിയും വെട്ടിയും ശത്രുസൈന്യത്തിന്റെ നടുവിൽകൂടി തനിക്കു് ഒരു പാതയുണ്ടാക്കി ഏതാനും അനുചരന്മാരോടുകൂടി രാമബാണം പോലെ പാഞ്ഞു് ക്ഷണനേരംകൊണ്ടു് കോട്ടയ്ക്കു വെളിയിൽ ചാടി. ശത്രുഭടന്മാരിൽ പലരും പിൻതുടൎന്നു എങ്കിലും അവൎക്കു മനോവേഗത്തോടുകൂടി പായുന്ന ദുൎഗ്ഗാദാസനും മിറായിക്കച്ചവടക്കാരനും രാജകുമാരനുമായി ആബു എന്ന പർവ്വതശിഖരത്തെ പ്രാപിച്ചു. അവിടെ നിരാഹന്മാരും നിരീഹന്മാരുമായ ഏതാനും തപോധനന്മാർ

താമസിക്കുന്നുണ്ടായിരുന്നു. അവർ സംഗതി അറിഞ്ഞപ്പോൾ അജിതനെ ശ്രദ്ധമായി വളൎത്തിക്കൊള്ളാമെന്നു ഏറ്റു. കുമാരനെ അവരുടെ കയ്യിൽ ഏല്പിച്ചുംവച്ചു് രാജ്യരക്ഷയ്ക്കായി ദുൎഗ്ഗാദാസൻ മാർവാറിലും എത്തി.

കുട്ടിയും ദുൎഗ്ഗാദാസനും കിളികളെപ്പോലെ പറന്നുപോയ വൃത്താന്തം അറംഗസീബ് അറിഞ്ഞപ്പോൾ അദ്ദേഹത്തിനു ജനിച്ച കോപത്തിനും വ്യസനത്തിനും ലജ്ജയ്ക്കും അവസാനമില്ലായിരുന്നു. വീണ്ടും ഒരു മഹാ ഭയങ്കരമായ സൈന്യത്തെ ശേഖരിച്ചുകൊണ്ടു അറംഗസീബും അക്ബറും യുദ്ധത്തിനായെത്തി. അപ്പോഴാണു് മീവാറിലെ റാണാവായ രാജസിംഹനും ദുൎഗ്ഗാദാസനും ഒന്നുചേൎന്നതു്. അക്ബറെ സിംഹാസനാരൂഢനാക്കുവാൻ രാജപുത്രന്മാർ ചെയ്ത ശ്രമവും അവരുടെ ഉദ്യമത്തെ വിഫലീഭവിപ്പാൻ അറംഗസീബ് പ്രയോഗിച്ച ഉപായവും ഇതിനു മുമ്പിലത്തെ കഥയിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടല്ലോ? ആ ഉദ്യമം വാസ്തവത്തിൽ ദുൎഗ്ഗാദാസന്റേതായിരുന്നു. ദുൎഗ്ഗാദാസനും അദ്ദേഹത്തിന്റെ അനുചരന്മാരും ഒഴികെയുള്ള രാജപുത്രഭടന്മാരാണു് അറംഗസീബിന്റെ വഞ്ചനാലേഖനം കണ്ടു പിൻമാറിയതു്. നേരം വെളുത്തപ്പോൾ അക്ബർ മേലാൽ വേണ്ടതെന്തെന്നു ചോദിപ്പാനായി തന്റെ കൂടാരത്തിന്റെ നടയിൽ കാത്തുനില്ക്കുന്നതു ദുൎഗ്ഗാദാസൻ കണ്ടു. 'അവിടുത്തെ രക്ഷിക്കുന്നതിനു ഞാൻ ഉണ്ടു്' എന്നു ആ രാജപുത്രപ്രമാണി ധൈൎയ്യമായി പറഞ്ഞു് അശ്വാരൂഢന്മാരായ ആയിരം ഭടന്മാരോടുകൂടി അക്ബറെ കുടുംബസമേതം മലയിലേക്കു നയിച്ചു്

തന്റെ കനിഷ്ഠസഹോദരനോടു അജിതകുമാരനെ സൂക്ഷിച്ചുകൊള്ളുവാൻ ശട്ടംകെട്ടിയുംവെച്ച് അക്‌ബറെ രക്ഷിക്കുന്നതിനു ബദ്ധകങ്കണനായ ദുർഗ്ഗാദാസൻ അദ്ദേഹത്തെ രാജസ്ഥാനം ഗുർജ്ജരം മുതലായ രാജ്യങ്ങൾ കടത്തിവിട്ടു ഒടുവിൽ മഹാരാഷ്ട്രദേശത്തിൽ കൊണ്ടുചെന്നു ഭദ്രമായി ആക്കി.

ഔറംഗസീബ് പിന്നെയും അജിതനെപ്പിടിപ്പാൻ ശ്രമിച്ചുകൊണ്ടിരുന്നു. ദുർഗ്ഗാദാസൻ മഹാരാഷ്ട്രത്തിൽ പോയിരുന്ന അവസരം നോക്കി അജിതനെ സൂക്ഷിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ സഹോദരനെ വധിപ്പിച്ചു. എങ്കിലും അതുകൊണ്ടും ചക്രവർത്തിക്കു ഉദ്ദിഷ്ടഫലം സിദ്ധിച്ചില്ല. മാർവാറിലെ രാജപുത്രപ്രമാണികൾ അജിതനെ തങ്ങളുടെ മഹാരാജാവെന്നു മനസ്സിലാക്കി പർവ്വതശിഖരത്തിൽ നിന്നു നാട്ടിലേക്കു കൊണ്ടുപോയി പട്ടാഭിഷേകം ചെയ്യിപ്പിച്ചു. അപ്പോഴേക്കും ദുർഗ്ഗാദാസൻ മടങ്ങിയെത്തി.

ചക്രവർത്തി വീണ്ടും മാർവാർരാജ്യം ആക്രമിപ്പാൻ വട്ടംകൂട്ടുമായിരുന്നു. എന്നാൽ തനിക്കു അങ്ങനെ ഒന്നുംതന്നെ മേലാൽ പ്രവർത്തിപ്പാൻ പാടില്ലാത്തവിധത്തിൽ ഒരു സംഗതി കിടപ്പുള്ളതു് അദ്ദേഹം ആയിടയ്ക്കാണ് അറിഞ്ഞതു്. അക്‌ബറുടെ അതിസൌന്ദര്യവതിയായ ഒരു പുത്രിയെ രാജസ്ഥാനത്തിൽ വിട്ടുംവെച്ചാണ് അദ്ദേഹം മഹാരാഷ്ട്രത്തിലേക്കു ഓടിയതു്. ആ പുത്രിയെ ദുർഗ്ഗാദാസൻ യഥോചിതം രക്ഷിച്ചുപോന്നു. ആ പെൺകുട്ടിയുടെ മേൽ ചക്രവർത്തിക്കു അസാമാന്യമായ വാത്സല്യമുണ്ടായിരുന്നു. ആ സ്ത്രീരത്നത്തിനു അപ്പോൾ പതിനാറുവയസ്സു തികഞ്ഞി

ന്നു. തന്റെ പൌത്രിയെ രാജപുത്രന്മാർ ഏതുവിധത്തിലെങ്കിലും ഉപദ്രവിക്കുകയാണെങ്കിൽ അതിലധികം വലുതായ ഒരവമാനം ചക്രവൎത്തിക്ക് സംഭവിപ്പാനില്ലായിരുന്നു. അതു വിചാരിക്കുംതോറും അദ്ദേഹത്തിന്റെ ഉള്ളിൽ തീകത്തി; ഞരമ്പുകൾ തളൎന്നു. ഒരിക്കൽ ദുൎഗ്ഗാദാസനെ വിളിച്ചുവരുത്തി ഔറംഗസീബ് പറഞ്ഞു.

ഔറം—എനിക്ക് ഇനി അജിതനെ വേണ്ട. അജിതൻ ഏതായാലും ശരിയായി വളൎന്ന് മാർവാറിലെ സിംഹാസനത്തെ ആരോഹണം ചെയ്തുകഴിഞ്ഞുവല്ലോ.

ദുൎഗ്ഗാ—ശരി. പിന്നെ.

ഔറം—ഞാൻ അവിടുത്തേക്ക് വരം തരാമെന്ന് ഒരവസരത്തിൽ പറഞ്ഞു. അവിടുന്നാണ് വാസ്തവത്തിൽ എനിക്കിപ്പോൾ വരംതരേണ്ടിയിരിക്കുന്നത്.

ദുൎഗ്ഗാ—സൎവ്വശക്തനായ അവിടുന്ന് എവിടെ? ഈ നിസ്സാരനായ ഞാനെവിടെ? എന്നിൽനിന്ന് എന്തു വരമാണ് അവിടുന്ന് അപേക്ഷിക്കുന്നത്?

ഔറം—എന്റെ പൌത്രി—അക്ബറുടെ മകൾ—അവിടുത്തെകയ്യിലാണല്ലോ. ആ കുട്ടിയെ എനിക്ക് തിരിയെ കിട്ടണം.

ദുൎഗ്ഗാ (പുഞ്ചിരിയോടുകൂടി)—അജിതനായിട്ടുണ്ടാക്കിയ കൊച്ചുടുപ്പ് ആ കുട്ടിക്ക് ഇട്ടു നോക്കണമെന്നായിരിക്കും അവിടുത്തെ താല്പൎയ്യം. കുട്ടി കുറെ വളൎന്നുപോയല്ലോ.

ഔറംഗസീബിന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു.

അദ്ദേഹത്തിന്റെ വാക്കുകളിൽ യാതൊരു കളവുമില്ലെന്നു ദുർഗ്ഗാദാസൻ മനസ്സിലാക്കി.

ദുർഗ്ഗാ—അവിടുത്തെപ്പോലെ കരളിന്ന് കട്ടിയുള്ള ഒരു പുരുഷവ്യാഘ്രത്തെ ഞാൻ ഈ ജന്മത്തിൽ കണ്ടിട്ടില്ല. എന്താണ് ഇപ്പോൾ അവിടുത്തേക്ക് ഇത്രഭയവും വിറയലും?

അറം—ഞാൻ എന്നെപ്പററി ലജ്ജിക്കുന്നു. എന്നെ അവിടുന്ന് ദയവുണ്ടായി രക്ഷിക്കണം. കുട്ടിക്ക് വയസ്സ് പതിനാറായി. ശത്രുമദ്ധ്യത്തിൽ അവൾ എങ്ങിനെ ജീവിക്കുന്നുവോ? ജീവിക്കുകതന്നെ ചെയ്യുന്നുണ്ടോ? ദൈവത്തിനറിയാം.

ദുർഗ്ഗ—അവിടുന്നെന്തുവിചാരിക്കുന്നു? കഷ്ടം. ആരാണ് ശത്രു? ആ അബലയായ സ്ത്രീരത്നം രാജപുത്രന്മാർക്ക് എന്തു ദ്രോഹം ചെയ്തു? അവിടുന്ന് അവിടുത്തെ തോതുവച്ച് അന്യരെ അളക്കരുതേ!

അറം—അവൾ ഇപ്പോൾ ഉണ്ടോ? ഉണ്ടെങ്കിൽ എവിടെ?

ദുർഗ്ഗാ—കൂടെ വന്നാൽ കാണാം.

അറംഗസീബ് ദുർഗ്ഗാദാസനുമായി രാജസ്ഥാനത്തു ചെന്ന് പുത്രിയെക്കാണുക എന്നുതന്നെ നിശ്ചയിച്ചു. മാർവാറിന് സമീപം ഒരു വലിയ കൊട്ടാരം അവരുടെ ദൃഷ്ടിക്ക് വിഷയീഭവിച്ചു. അടുത്തു ചെന്നപ്പോൾ പള്ളിയിൽ നിന്ന് ഖുർആന്റെ ശബ്ദം പുറപ്പെടുന്നതു കേട്ടു ചക്രവർത്തി ആശ്ചര്യപ്പെട്ടു. ഗോപുരം ഗാട്ടുകാർ മുതൽ തിരു

മുൻപിൽ തവണക്കാർവരെ താൻ ആ കൊട്ടാരത്തിൽ കണ്ടത് എല്ലാം മഹമ്മദീയമതക്കാരെത്തന്നെയായിരുന്നു. 'ഇതേതു മുസൽമാൻ രാജാവിന്റെ രാജധാനിയാണ്? എന്ന് അറംഗസീബ് ദുർഗ്ഗാദാസനോടു ചോദിച്ചു 'പറയാം' എന്നു മാത്രം ദുർഗ്ഗാദാസൻ മറുപടി പറഞ്ഞു. കുറേക്കൂടി മുന്നോട്ടു നടന്നു ചെന്നപ്പോൾ വന്ദ്യവയോവൃദ്ധനായ ഒരു മഹമ്മദീയപുരോഹിതനോട് ചോദിച്ച് കുറാനിലെ പല സംശയങ്ങൾക്കും നിവൃത്തിവരുത്തിക്കൊണ്ടിരിക്കുന്ന തന്റെ പ്രിയപൌത്രിയെക്കണ്ട് ചക്രവർത്തി ആനന്ദസാഗരത്തിൽ മുഴുകി. ആ ഏർപ്പാടുകൾ മുഴുവൻ ആ സ്ത്രീയെ ഉദ്ദേശിച്ച് ദുർഗ്ഗാദാസൻ ചെയ്തിരുന്നതാണെന്നും ഡില്ലിയിലെ അന്തഃപുരത്തിൽ താൻ വളർത്തിയിരുന്നുവെങ്കിൽ കൂടി കന്യക ആ സ്ഥിതിയിൽ വളരുകയില്ലായിരുന്നു എന്നും ആദ്ദേഹം മനസ്സിലാക്കി. ദുർഗ്ഗാദാസനെ നോക്കി 'അവിടുന്ന് തന്നെയാണ് പുണ്യശാലി; ഞാൻ മഹാപാപിതന്നെ എന്ന് അറംഗസീബ് പറഞ്ഞു.

അറംഗസീബും പൌത്രിയുമായി സന്ധിച്ചതിന്റെ ശേഷം അവർ തമ്മിൽ ഒരു ദീർഘമായ സംഭാഷണം നടന്നു. അതു കഴിഞ്ഞപ്പോൾ അറംഗസീബിന് ദുർഗ്ഗാദാസന്റെ മഹാമനസ്കതയേയും മററു സൽഗുണങ്ങളേയും കുറിച്ചുള്ള ബഹുമാനം ദുർഗ്ഗാദാസനോട് പറഞ്ഞു.

അറ—ഞാൻ ഇതാ കയ്യിലിരിക്കുന്ന കുറാൻ പുസ്തകം തൊട്ടു സത്യംചെയ്യുന്നു. ഇനി മേലാൽ മാർവാർരാജ്യം

ആക്രമിക്കുകയില്ല. എന്റെ സൈന്യത്തോടുകൂടി പൌത്രിയെ വിട്ടുകിട്ടണം.

ദുർഗ്ഗാ—അങ്ങനെയാകട്ടെ. ഈ സ്ത്രീരത്നത്തിന് മഹമ്മദീയമതത്തെപ്പറ്റി വേണ്ട ജ്ഞാനം വരുത്തുവാൻ ഞാൻ പല ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. എങ്കിലും ഡില്ലിയിലെപ്പോലെ അതിന് സൌകര്യം ഇവിടെയുണ്ടാകയില്ലല്ലോ. അതിനാൽ അവിടുന്ന് പൌത്രിയെ കൂട്ടിച്ചുകൊണ്ടുപോകുന്നതിൽ എനിക്ക് സന്തോഷമേയുള്ളു.

അറ—ദുർഗ്ഗാദാസ! അങ്ങയെപ്പോലെയുള്ള ഉത്തമപുരുഷന്മാരെ ഞാൻ ലോകത്തിൽ കണ്ടിട്ടില്ല. അങ്ങയ്ക്ക് പല സ്ഥാനമാനങ്ങളും തരണമെന്ന് ഞാൻ ഉദ്ദേശിക്കുന്നു.

ദുർഗ്ഗാ—എനിക്ക് യാതൊന്നും അപേക്ഷയില്ലെന്ന് അവിടുന്ന് ഇനിയും അറിയുന്നില്ലല്ലോ.

അറ—അതു പോര. എന്തെങ്കിലും അപേക്ഷിച്ചേ കഴിയൂ

ദുർഗ്ഗാ—എന്നാൽ മാർവ്വാറിലെ ചില സംസ്ഥാനങ്ങൾ മുൻകാലത്ത് ഡില്ലീസാമ്രാജ്യത്തോട് ചേർന്നുപോയിട്ടുണ്ട്. അവ അജിതമഹാരാജാവിനായി വിട്ടുകൊടുക്കണം.

അറ—അങ്ങനെ ചെയ്യാം. അത് രാജാവിനായി. അങ്ങേയ്ക്കോ?

ദുർഗ്ഗാ—രാജാവിനു കിട്ടുന്നതു തന്നെയാണെനിക്കും. അതല്ലാതെ വേറെയില്ല. വേണമെന്നപേക്ഷയുമില്ല.

'അങ്ങയെപ്പോലെ ഒരു മന്ത്രിയുണ്ടായിരുന്നു എങ്കിൽ ഞാൻ ഭൂലോകം ജയിക്കും,' എന്നു അറംഗസീബ് ഗൽഗദസ്വരത്തിൽ പറഞ്ഞു് പൌത്രിയേയും കൂട്ടിക്കൊണ്ടു് ദില്ലിയിലേക്കു മടങ്ങി. അജിതൻ ശത്രുബാധ കൂടാതെ രാജ്യപരിപാലനവും നടത്തി.

അജിതൻ ഒരു കൃതഘ്നശിരോമണിയായിരുന്നു. തന്റെ സകലൈശ്വര്യങ്ങൾക്കും ഏകകാരണമായ ദുർഗ്ഗാദാസനെ ആ പാപി യാതൊരു സംഗതിയും കൂടാതെ കുറെ കാലം കഴിഞ്ഞപ്പോൾ രാജ്യത്തിൽ നിന്നു ബഹിഷ്കരിച്ചു. ആ വർത്തമാനം കേട്ടപ്പോൾ പൌരന്മാർ രാജാവിനോടു് എതിർപ്പാൻ ഒരുമ്പെട്ടു എങ്കിലും ആ മഹാൻ അവരെ ആ ഉദ്യമത്തിൽ നിന്നു് വിരമിപ്പിച്ചതേയുള്ളൂ. അപ്പോഴേക്കു് അറംഗസീബ് മരിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ബഹാദർ ഷാ ആണു് ചക്രവർത്തിയായിരുന്നതു്. ബഹാദർ അജിതനെ കീഴടക്കുവാൻ അതാണു് അവസരം എന്നു കരുതി ദുർഗ്ഗാദാസനോടു അജിതൻ പ്രവർത്തിച്ച അപരാധത്തെപ്പറ്റി തനിക്കു വളരെ വ്യസനമുണ്ടെന്നും ദുർഗ്ഗാദാസൻ ഒരു വാക്കു മാത്രം പറയുകയാണെങ്കിൽ അദ്ദേഹത്തെ രാജ്യഭ്രഷ്ടനാക്കുവാൻ താൻ തയാറാണെന്നും പറഞ്ഞയച്ചു. അതിനു ആ ദേശാഭിമാനിയും രാജഭക്തനുമായ മഹാനുഭാവന്റെ പ്രത്യുത്തരം മാർവാർ പിടിച്ചടക്കണമെന്നു മോഹമുണ്ടെങ്കിൽ ബഹാദർ വരാമെന്നും പക്ഷെ തന്റെ ശവത്തെ മറികടന്നല്ലാതെ മാർവാറിൽ ബഹാദർ വലതുകാൽ കുത്തുവാൻ താൻ സമ്മതിക്കുന്നതല്ലെന്നും മാത്രമായിരുന്നു. അജിതൻ തന്റെ-

കൃതഘ്നതയുടെ ഫലം ഏറെത്താമസിയാതെ അനുഭവിച്ചു. പിതൃനിർവിശേഷനായ ദുർഗ്ഗാദാസനെ അവമാനിച്ച അദ്ദേഹത്തിനു അകാലമരണം തന്റെ പുത്രന്റെ ഖഡ്ഗത്താൽ തന്നെ സംഭവിച്ചു. കലിയിൽ കർമ്മഫലം കയ്യോടെ എന്നാണല്ലോ അഭിയുക്തവചനം.

സമാപ്തം.

---

MUL
094262

21 NOV 195